**സബ്മിഷൻ**

(1) മുല്ലപ്പെരിയാർ ഡാമിലെ സംയുക്ത പരിശോധന

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് ബേബി ഡാം ശക്തിപ്പെടുത്തുന്നതിന് തമിഴ്നാട് എടുത്ത നടപടിയുടെ ഭാഗമായി അവിടെയുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ കേരള സർക്കാരിന് വനംവകുപ്പ് ഉത്തരവ് നൽകിയതുമായി ബന്ധപ്പെട്ടാണ് കഴിഞ്ഞ ദിവസം അടിയന്തരപ്രമേയം അവതരിപ്പിച്ചത്. അതിന് മറുപടിയായി ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞത് ബേബി ഡാം പരിസരത്ത് ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല എന്നാണ്. വനം വകുപ്പ് അതിൽ പങ്കാളിയല്ല എന്നുള്ള നിലപാടാണ് അദ്ദേഹം നിയമസഭയിൽ സ്വീകരിച്ചത്. സഭയിൽ പറഞ്ഞ കാര്യത്തിന് വിരുദ്ധമായ ഒരു കാര്യം അദ്ദേഹം ഇന്നലെ എ.കെ.ജി. സെന്ററിനു മുമ്പിൽ വച്ച് പത്രസമ്മേളനം നടത്തി അതു പറഞ്ഞത് തെറ്റാണ് എന്നുള്ള വാർത്ത കണ്ടു. ആ വാർത്തയാണോ ഇവിടെ തിരുത്തിയത് എന്ന് വ്യക്തമല്ല. സഭയിൽ ഒന്നു പറയുകയും സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ എ.കെ.ജി. സെന്ററിനു മുമ്പിൽ ചെന്ന് വേറൊന്നു പറയുകയും ചെയ്യുന്നത് ശരിയായ ഒരു

നടപടിയല്ലെന്ന് ആദ്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഈ സഭയുടെ പ്രിവിലേജിനെ സംബന്ധിച്ച് ഇതിനുമുമ്പും നിരവധി സ്പീക്കർമാരുടെ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് ഈ സഭയെയും കേരളത്തിലെ ജനങ്ങളെയും കബളിപ്പിക്കുകയായിരുന്നു, തെറ്റിദ്ധരിപ്പിക്കുകയായിരുന്നുവെന്ന് വളരെ വ്യക്തമാണ്. എന്നുമുതലാണ് ഈ പരിപാടി തുടങ്ങിയത്. ജൂൺ പതിനൊന്നിന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി. സെൻട്രൽ വാട്ടർ കമ്മീഷൻ (CWC) ആണ് മേൽനോട്ട സമിതിയുടെ ചെയർമാൻ. കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രതിനിധികളുമുണ്ട്. അവർ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു, "As decided in the 14th meeting of Supervisory Committee on Mullapperiyar Dam, a joint inspection by the officers from Government of Tamil Nadu and Forest officers of Kerala, of the area under Periyar Tiger Reserve was carried out on 11-06-2021" . ജൂൺ പതിനൊന്നാം തീയതി തമിഴ്നാട്ടിലെ ഉദ്യോഗസ്ഥരും കേരളത്തിലെ വനം വകുപ്പുദ്യോഗസ്ഥരും ഒരുമിച്ച് ഈ മരങ്ങൾ ഐഡന്റിഫൈ ചെയ്യുന്നതിനു വേണ്ടിയുള്ള ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി നടപടികൾ

സ്വീകരിക്കണമെന്നാണ് CWC ആവശ്യപ്പെട്ടിരിക്കുന്നത്. ഇങ്ങനെ ഒരു സംഭവം നടന്നത് നിയമസഭയിലെ മന്ത്രിമാർക്ക് ആർക്കും അറിയില്ല. സൂപ്പർവൈസറി കമ്മിറ്റിയുടെ പതിനാലാമത്തെ യോഗത്തിന്റെ അടിസ്ഥാനത്തിലാണ് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയത്. ഈ മേൽനോട്ട സമിതിയിൽ കേരള ഗവൺമെന്റ് അംഗമല്ലേ. കേരള ഗവൺമെന്റിന്റെ പ്രതിനിധിയായി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പങ്കെടുത്ത യോഗത്തിലാണ് ജോയിന്റ് ഇൻസ്പെക്ഷൻ തീരുമാനിക്കുന്നത്. ആ തീരുമാനത്തിന്റെ ഭാഗമായി ജൂൺ പതിനൊന്നിന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നു. അതിനുശേഷം സെപ്റ്റംബർ പതിനേഴാം തീയതി തമിഴ്നാട് ഗവൺമെന്റും കേരള ഗവൺമെന്റും തമ്മിൽ വീഡിയോ കോൺഫറൻസ് നടത്തി മരങ്ങൾ മുറിച്ചു മാറ്റുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കുന്നു. നവംബർ അഞ്ചാം തീയതി ചീഫ് വൈൽഡ് ലൈഫ് വാർഡൻ മരങ്ങൾ മുഴുവൻ മുറിച്ചു മാറ്റുന്നതിനുള്ള ഉത്തരവിറക്കുന്നു. എന്നിട്ടും ഞങ്ങളിത് അറിഞ്ഞിട്ടില്ല, കേട്ടിട്ടില്ല എന്നാണ് മന്ത്രിമാർ നിയമസഭയിൽ വന്നുപറയുന്നത്. ഏതോ ഒരു ഉദ്യോഗസ്ഥനാണ് ഉത്തരവിറക്കിയത്. അതുസംബന്ധിച്ച് വിജിലൻസ് അന്വേഷിച്ച് നടപടി എടുക്കും, ചീഫ്

സെക്രട്ടറി അന്വേഷിച്ച് കൃത്യമായ നടപടിയെടുക്കുമെന്ന് പറയുകയാണ്. കഴിഞ്ഞ ജൂൺ മാസം മുതൽ ഈ നവംബർ മാസംവരെ നടക്കുന്ന കാര്യങ്ങൾ ഒന്നും അറിഞ്ഞിട്ടില്ല. മുല്ലപ്പെരിയാൽ ഡാമുമായി ബന്ധപ്പെട്ട് ബേബി ഡാം ശക്തിപ്പെടുത്താൻ തമിഴ്നാടിന്റെ നീക്കവുമായി ബന്ധപ്പെട്ട ഒരുകാര്യവും സർക്കാർ അറിഞ്ഞിട്ടില്ല. ഏതോ ഒരു ഉദ്യോഗസ്ഥൻ ഒരു സുപ്രഭാതത്തിൽ ഉത്തരവിറക്കിയതാണ് എന്ന രീതിയിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി നിയമസഭയിൽ മറുപടി പറഞ്ഞ് ഈ സഭയെ അവഹേളിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്യണം. കാരണം കേരളത്തിന്റെ കേസ് സുപ്രീംകോടതിയിൽ ഇല്ലാതാകാൻ പോവുകയാണ്. കാരണം തമിഴ്നാടിന് ക്ലിയർ കേസുണ്ട്. അവർ പറഞ്ഞിരിക്കുന്നത് ഇന്ററിം ഓർഡറിൽ (ഇടക്കാല ഉത്തരവിൽ) ഞങ്ങൾക്ക് ജലനിരപ്പ് 142 അടിയാക്കി ഉയർത്തി തരണം. ഫൈനൽ ഓർഡർ വരുന്നതിനു മുമ്പായി ഞങ്ങൾ ബേബി ഡാമും എർത്തൻ ബൻഡും (Earthen bund) ശക്തിപ്പെടുത്തിയാൽ 152 അടിയാക്കി ഞങ്ങൾക്ക് ജലനിരപ്പ് ഉയർത്തി തരാനുള്ള ഓർഡർ ഉണ്ടാകണം. അപ്പോൾ സുപ്രീംകോടതി

ഇടക്കാല ഉത്തരവിലൂടെ 142 അടിയാക്കി ഉയർത്തി കൊടുക്കും, ബേബി ഡാമും എർത്തൻ ബൻഡും ശക്തിപ്പെടുത്തിക്കൊണ്ട് തമിഴ്നാട് ഗവൺമെന്റ് റിപ്പോർട്ട് ചെയ്താൽ ജലനിരപ്പ് 152 അടിയാക്കി സുപ്രീംകോടതി ഉയർത്തി കൊടുക്കും. പിന്നെ എവിടെയാണ് കേരളത്തിന്റെ കേസ്. എവിടെയാണ് പുതിയ ഡാം നമ്മൾ പണിയാൻ പോകുന്നത്. പുതിയ ഡാം പണിയണം; നമുക്ക് സുരക്ഷ വേണം എന്നുള്ള കേരളത്തിന്റെ കേസ് മുഴുവൻ ആവിയായി പോകുന്ന നടപടിയാണ് ഇതിലൂടെ ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഗവൺമെന്റ് സുപ്രീംകോടതിയിൽ പറഞ്ഞു, നടപടിക്രമങ്ങൾ ഉണ്ട്. വൈൽഡ് ലൈഫ് സാങ്ച്വറിയിൽ മരം മുറിച്ചു മാറ്റുന്നതിനുള്ള നടപടികളുണ്ട്. ആ നടപടികൾ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡും നാഷണൽ വൈൽഡ് ലൈഫ് ബോർഡും യോഗം കൂടി തീരുമാനമെടുത്ത് കേന്ദ്ര ഗവൺമെന്റിനെയും സുപ്രീംകോടതിയെയും അറിയിച്ച് അംഗീകാരം വാങ്ങിയാലേ ചെയ്യാൻ പറ്റുകയുള്ളൂ എന്നു പറഞ്ഞിട്ട്, അതുകൊണ്ടാണ് ഞങ്ങൾ ഉത്തരവ് കൊടുക്കാത്തത് എന്ന് സുപ്രീംകോടതിയെ ബോധിപ്പിക്കുകയും അതിന് നേർവിപരീതമായി ഈ നടപടിക്രമങ്ങൾ ഒന്നുമില്ലാതെ സർക്കാർ ഉത്തരവ് ഇറക്കി കൊടുക്കുകയുമാണ്

ചെയ്തിരിക്കുന്നത്. എന്നിട്ടും ഞങ്ങൾ ഈ ഗൗരവകരമായ വിഷയം സഭയിൽ വന്ന് ഉന്നയിച്ചിട്ടും അത് റദ്ദാക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. അത് മാറ്റി വച്ചിരിക്കുകയാണ്. ഉത്തരവ് റദ്ദാക്കിയിട്ടില്ല. ഇത്രയും നിസാരമായി, നമ്മുടെ കേസ് തന്നെ സുപ്രീം കോടതിയിൽ ഇല്ലാതാകാൻ പോകുന്ന, നമ്മുടെ സുരക്ഷയെ സംബന്ധിച്ച ഗൗരവമായ പ്രശ്നത്തിൽ ഈ നിയമസഭയും കേരളത്തിലെ ജനങ്ങളും ഞങ്ങൾ എല്ലാവരും ഒരുമിച്ച് തീരുമാനിച്ച പുതിയ ഡാം പണിയണമെന്നുള്ള കേരളത്തിന്റെ ആവശ്യംതന്നെ ഇല്ലാതാക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അടിയന്തരമായി ഈ ഉത്തരവ് റദ്ദാക്കുകയും വനം വകുപ്പുമന്ത്രി അടക്കമുള്ള ഉത്തരവാദികളായ ആളുകൾ ഇതിന് കേരളത്തിലെ ജനങ്ങളോട് സമാധാനം പറയണമെന്നും ഞങ്ങൾ അഭ്യർഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്..... പ്ലീസ്..... (ബഹളം.....) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷൻ ഉന്നയിച്ചു. അതിന് ജലവിഭവ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്. അദ്ദേഹത്തിനുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി മറുപടി പറയട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷൻ ഉന്നയിച്ചുകഴിഞ്ഞാൽ മറുപടി പറയണ്ടേ.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ചുമതലപ്പെടുത്തിയതുകൊണ്ടാണ് ഞാൻ മറുപടി പറയുന്നത്. പുതിയ ഡാം നിർമ്മിക്കുന്നതിന് കേരളത്തിന്റെയും തമിഴ്നാടിന്റെയും സമ്മതം ആവശ്യമാണെന്ന് 2014-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ ഉത്തരവിട്ടിരുന്നു. ഇതിനുശേഷം 2017-ൽ തമിഴ്നാട് ഫയൽ ചെയ്ത എക്സിക്യൂഷൻ പെറ്റീഷനിൽ ബേബി ഡാം ബലപ്പെടുത്തുന്നതിനുവേണ്ടി ഇരുപത്തിമൂന്ന് മരങ്ങൾ മുറിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതിന് പകരമായി കേരളം നൽകിയ സത്യവാങ്മൂലത്തിൽ പ്രസ്തുത മരങ്ങൾ സ്ഥിതി ചെയ്യുന്നത് പെരിയാർ ടൈഗർ റിസർവിൽ ആയതുകൊണ്ട് ഇതിനുവേണ്ടി കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ തമിഴ്നാട് പാലിക്കേണ്ടതാണെന്നും സമർപ്പിച്ചിട്ടുണ്ട്. അതിനുശേഷം ഫെബ്രുവരി 2021-ൽ മുല്ലപ്പെരിയാർ സൂപ്പർവൈസറി കമ്മിറ്റി യോഗം കൂടുകയും കേരള വനം വകുപ്പും തമിഴ്നാട് ഉദ്യോഗസ്ഥരും ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണെന്നും ഇതിനായി ആവശ്യമെങ്കിൽ കേരള ജലവിഭവ വകുപ്പ് ഒരുക്കങ്ങൾ ചെയ്യേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. 17.09.2021-ൽ

ചേർന്ന അന്തർസംസ്ഥാന ഉന്നതതല യോഗത്തിൽ ഇരുപത്തിമൂന്ന് മരങ്ങൾക്ക് പകരം പതിനഞ്ച് മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും പ്രസ്തുത ആവശ്യം കേരള വനം വകുപ്പിന്റെ പരിശോധനയിലാണെന്ന് രേഖപ്പെടുത്തുകയുമുണ്ടായി. 'പരിവേഷ്' എന്ന വനം വകുപ്പിന്റെ അനുമതി നൽകുന്ന ഓൺലൈൻ വെബ്സൈറ്റിൽ തമിഴ്നാട് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും 30.10.2021-ലെ പെരിയാർ ടൈഗർ റിസർവ് ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിലുമാണ് 05.11.2021-ൽ വനം ചീഫ് കൺസർവേറ്റർ പതിനഞ്ച് മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത് എന്നാണ് മനസ്സിലാക്കുന്നത്. 03.09.2021-ൽ സൂപ്പർവൈസറി കമ്മിറ്റി ചെയർമാൻ സംസ്ഥാന ജല വിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ 11.06.2021-ൽ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള വനം വകുപ്പ് ഉദ്യോഗസ്ഥരും തമിഴ്നാട് ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തിയിട്ടുണ്ട് എന്നും പതിനഞ്ച് മരങ്ങൾ കണ്ടെത്തിയിട്ടുണ്ട് എന്നും അറിയിച്ചു. കൂടാതെ ഈ മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷ

ഓൺലൈനായി കേരള വനം വകുപ്പിന് നൽകിയിട്ടുണ്ട് എന്നും അറിയിച്ചു. മേൽ സാഹചര്യത്തിൽ വനം വകുപ്പിൽനിന്നും ഈ മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം വേഗത്തിലാക്കണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. 2021 നവംബർ 8-ന് കേന്ദ്ര ജല വിഭവ മന്ത്രാലയം ജോയിന്റ് സെക്രട്ടറി, സംസ്ഥാന ജല വിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് അയച്ച കത്തിൽ ബേബി ഡാം, എർത്ത് ഡാം എന്നിവയുടെ ബലപ്പെടുത്തൽ നടപടികൾ, ഗാട്ട് റോഡിന്റെ റിപ്പയർ എന്നിവ നടത്തുന്നതിന് അനുമതി തരണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ ഡാമിന്റെ സുരക്ഷയ്ക്ക് അത്യാവശ്യമാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ തനിക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് 05.11.2021-ൽ മരം മുറിക്കൽ അനുമതി നൽകിക്കൊണ്ടുള്ള നടപടിക്രമം പുറപ്പെടുവിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ആയത് കൂടുതൽ പരിശോധന ആവശ്യമുള്ളതിനാൽ കേരള വനം വകുപ്പ് പ്രസ്തുത ഉത്തരവ് മരവിപ്പിച്ചുകൊണ്ട് സംസ്ഥാന വനം വകുപ്പ് സെക്രട്ടറി ഉത്തരവിറക്കിയിട്ടുണ്ട്. ഇതാണ് വസ്തുത.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ ദിവസം വനം വകുപ്പുമന്ത്രി ഈ സഭയിൽ അടിയന്തരപ്രമേയത്തിന് പറഞ്ഞതിൽനിന്ന് നേരെ വിപരീതമായിട്ടാണ് ഇന്ന് ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി സംസാരിച്ചത്. ഞങ്ങൾ ഇന്ന് പറഞ്ഞ കാര്യങ്ങളെല്ലാം ശരിവച്ചിരിക്കുകയാണ്. അന്ന് ഇതൊന്നും പറഞ്ഞില്ല. അന്ന് ഇതിനെക്കുറിച്ച് സർക്കാരിന് ഒരറിവുമില്ല. മരം മുറിക്കാനുള്ള തീരുമാനം ശരിയല്ല. ഇവിടെ മരം മുറിക്കാൻ സമ്മതിക്കുന്ന പ്രശ്നമില്ല. അതെല്ലാം ഉദ്യോഗസ്ഥർക്കാണ്. ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയത് മാത്രമല്ലല്ലോ. ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയത് മാത്രമാണ് തിരുത്തിയിരിക്കുന്നത്. ഈ ഗവൺമെന്റിന് ഇതുസംബന്ധിച്ച്.......

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ...... (മൈക്ക് ഓഫ്) .....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അതിനെക്കുറിച്ച് പറയണോ. ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ സഭയുടെ കീഴ്വഴക്കങ്ങളെക്കുറിച്ച് അറിയാത്തതുകൊണ്ടാണ്. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. സഭയിലെ പ്രതിപക്ഷനേതാവ് എന്നുള്ള എന്റെ അവകാശത്തിൽ ബഹുമാനപ്പെട്ട

ഡെപ്യൂട്ടി സ്പീക്കർ അനുവദിച്ചതിന്റെ പുറത്താണ് സംസാരിക്കുന്നത്. അതിൽ ഇടപെടാൻ അങ്ങേയ്ക്ക് അവകാശമില്ല. You please sit down, I am on my legs. You don't have any right to interfere.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ് പ്രസംഗം നടത്തൂ.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ട് മന്ത്രിമാർ ഒരേ വിഷയത്തിൽ മറുപടി പറഞ്ഞതിൽ അടിയന്തരപ്രമേയത്തിന് ഒരു മറുപടി, സബ്മിഷന് വേറൊരു മറുപടി. ഇതിൽനിന്ന് ഒരു കാര്യം വളരെ വ്യക്തമാണ്. മരം മുറിക്കാനും ബേബി ഡാം ശക്തിപ്പെടുത്താനും തമിഴ്നാടിന് അനുമതി കൊടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി അറിഞ്ഞുകൊണ്ടുതന്നെയാണ്. ആ കാര്യം ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമായ ഈ തീരുമാനമെടുത്തതിൽ അതിശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും യു.ഡി.എഫ്. അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സബ്മിഷന്റെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോകുകയും അൽപസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു.)

## (2) സാമൂഹ്യ-സാമ്പത്തിക-വിവരശേഖരണ സർവ്വേ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക വിഭാഗങ്ങൾക്കായുള്ള കമ്മീഷന്റെ നേതൃത്വത്തിൽ മുന്നാക്ക വിഭാഗങ്ങൾക്കായി നടത്താനുദ്ദേശിക്കുന്ന സാമൂഹ്യ-സാമ്പത്തിക വിവരശേഖരണ സർവ്വേ ആരംഭിക്കുകയാണ്. ജസ്റ്റിസ് എ. വി. രാമകൃഷ്ണപിള്ള ചെയർമാനായി രൂപീകരിച്ച കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ ചെയർമാനായുള്ള കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാന തലത്തിലും മേഖലാ തലത്തിലും ഇതുസംബന്ധിച്ച യോഗങ്ങൾ ചേർന്നുകഴിഞ്ഞു. മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നതിനായി വിപുലമായ വിവരശേഖരണം നടത്തേണ്ടത് അനിവാര്യമാണ്. അതിന് മുൻകയ്യെടുത്ത സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ ഇരുപതിനായിരത്തോളം വരുന്ന തദ്ദേശസ്വയംഭരണ വാർഡുകളിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന സാമ്പത്തിക പിന്നാക്കക്കാരായ അഞ്ചുവീതം കുടുംബങ്ങളിൽ മൊബൈൽ

ആപ്പ് ഉപയോഗിച്ച് വിവരശേഖരണം നടത്തുന്ന സർവ്വേ പ്രക്രിയയാണ് ഇപ്പോൾ കമ്മീഷൻ ഉദ്ദേശിക്കുന്നത്. ഈ അഞ്ച് കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾതന്നെ ഏറെ വൈഷമ്യമുള്ളതാണ്. മാത്രമല്ല, അത് ഭാവിയിൽ ഏറെ പരാതികൾക്ക് ഇടനൽകാനും സാധ്യതയുണ്ട്. പ്രസ്തുത അഞ്ച് കുടുംബങ്ങളിലായി മാത്രം സർവ്വേ നടത്തുന്നത് സാമ്പത്തിക പിന്നാക്കം സംബന്ധിച്ച യഥാർത്ഥ ചിത്രം ലഭിക്കുവാൻ സഹായിക്കില്ല എന്ന പരാതി വിവിധ സംഘടനകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. സെൻസെസ് എടുക്കുന്ന മാതൃകയിൽ യോഗ്യരായ ഉദ്യോഗസ്ഥരെക്കൊണ്ട് സർവ്വേ നടത്തണമെന്നാണ് ഇപ്പോൾ ആവശ്യപ്പെടുന്നത്. സമഗ്രമായ ഒരു വിവരശേഖരണ പ്രക്രിയയിലൂടെ മാത്രമേ പൂർണവും സമഗ്രവുമായ വിവരം ലഭ്യമാകുകയുള്ളൂ. ഇപ്പോൾ നടത്താനുദ്ദേശിക്കുന്ന റാൻഡം സാമ്പ്ലിംഗ് ഏകദേശ ചിത്രത്തിനപ്പുറത്ത് ഭാവിയിൽ ഈ വിഭാഗത്തിന് ആവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് ഉപയുക്തമാകുകയില്ല എന്ന ആശങ്ക നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഒരു വാർഡിലെ അഞ്ച് വീടുകൾ സർവ്വേ ചെയ്യുന്ന മാനദണ്ഡത്തിന് പകരം മുന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന മുഴുവൻ

കുടുംബങ്ങളെയും ഉൾപ്പെടുത്തി സമഗ്ര സർവ്വേ നടത്താൻ ബന്ധപ്പെട്ട കമ്മീഷന് നിർദ്ദേശം നൽകണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സംസ്ഥാന ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തകമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് ഗവേഷണം, വിശകലനം എന്നിവ നടത്തിയശേഷം അവർക്കായുള്ള ക്ഷേമ കാര്യങ്ങൾ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക എന്നതാണ് സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായുള്ള കമ്മീഷനിൽ നിക്ഷിപ്തമായ ചുമതല. ഇതിനായി വിപുലമായ വിവരശേഖരണം അനിവാര്യമായതിനാലാണ് പഠന ആവശ്യത്തിനുതകുന്ന സാമ്പിൾ സർവ്വേ നടത്താൻ കമ്മീഷൻ ശിപാർശ ചെയ്തത്. സംസ്ഥാനത്തെ ഇരുപതിനായിരത്തോളം വരുന്ന തദ്ദേശസ്വയംഭരണ വാർഡുകളിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന അഞ്ചുവീതം കുടുംബങ്ങളിൽനിന്നും വിവരശേഖരണം നടത്താനാണ് കമ്മീഷൻ ശിപാർശ. കമ്മീഷന്റെ ആവശ്യപ്രകാരമാണ് സർക്കാർ ഇതിന് ഭരണാനുമതി നൽകിയിട്ടുള്ളത്. ഏതെങ്കിലും ക്ഷേമപദ്ധതിയുടെ

ഗുണഭോക്താക്കളെ കണ്ടെത്തുക എന്നതല്ല സർവ്വേയുടെ ലക്ഷ്യം. ഈ വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾ പഠിക്കുന്നതിനാണ് സർവ്വേ നടത്തുന്നത്. ചുരുങ്ങിയത് ഒരു ലക്ഷത്തോളം കുടുംബങ്ങളുടെ വിവരങ്ങൾ സർവ്വേയിലൂടെ ശേഖരിക്കും. സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരുടെ പ്രശ്നങ്ങൾ എല്ലായിടത്തും ഒരുപോലെ ആയതിനാൽ പഠനാവശ്യത്തിനുള്ള വിവരങ്ങൾക്ക് സാമ്പിൾ സർവ്വേ പര്യാപ്തമാകുമെന്നാണ് കമ്മീഷൻ വിലയിരുത്തിയിട്ടുള്ളത്.

(3) <u>സിനിമാ ഷൂട്ടിംഗ് തടസ്സപ്പെടുത്തൽ</u>

<u>ശ്രീ. എം. മുകേഷ്</u>: സർ, കഴിഞ്ഞ ദിവസങ്ങളിൽ ഇന്ധനവില വർദ്ധനവിനെതിരെ നടന്ന സമരത്തെത്തുടർന്നുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ മലയാള സിനിമാ രംഗത്തെ തൊഴിൽ അന്തരീക്ഷം കലുഷിതമാക്കുവാനും ഷൂട്ടിംഗ് തടസ്സപ്പെടുത്തുവാനും നടത്തുന്ന നീക്കങ്ങൾക്കെതിരെ സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുവാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ജനാധിപത്യപരമായി പ്രതിഷേധിക്കുന്നതിനോ സമരം ചെയ്യുന്നതിനോ നമ്മളാരും എതിരല്ല. എന്നാൽ കുറച്ചു കാലമായി കലാകാരന്മാരെ

തേടിപ്പിടിച്ച് അവരെ തേജോവധം ചെയ്യുന്ന ഒരു പ്രവണത വർദ്ധിച്ചുവരികയാണ്. ജ്ഞാനപീഠം അവാർഡ് നേടിയ ശ്രീ. എം. ടി. വാസുദേവൻ നായർ, ദാദാ സാഹിബ് ഫാൽക്കെ അവാർഡ് നേടിയ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, എന്റെ നാട്ടുകാരനായ കവി ശ്രീ. കുരീപ്പുഴ ശ്രീകുമാർ അങ്ങനെ നീണ്ടുപോകുന്ന വലിയ ലിസ്റ്റ് അവസാനം ചെന്നെത്തിനിൽക്കുന്നത് സിനിമാ നടൻ ശ്രീ. ജോജു ജോർജ്ജിലാണ്. അദ്ദേഹം ആദ്യം തന്നെ പറഞ്ഞു 'ഞാൻ ഒരു രാഷ്ട്രീയ പാർട്ടിയിലും അംഗമല്ല, ഞാൻ പ്രതികരിക്കുന്നതും അഭിപ്രായം പറയുന്നതും ഒരു പൗരൻ എന്ന നിലയിലാണ്, ആ അവകാശം വച്ചുകൊണ്ടാണ്. എനിക്കുവേണ്ടി മാത്രമല്ല കീമോത്തെറാപ്പിക്ക് പോകുന്ന ഒരു കാൻസർ രോഗിക്കുവേണ്ടിയാണ്' എന്ന്. ന്യായമായും അദ്ദേഹം ഒരു സിനിമാ നടനായതുകൊണ്ട് അതിൽ ഒരു മാധ്യമ ശ്രദ്ധവന്നു. അതിൽ ഹാലിളകിയ കുറേ ആൾക്കാർ അവിടെനിന്നും 'അവൻ മദ്യപാനിയാണ്' എന്ന് വിളിച്ചുപറഞ്ഞു. മദ്യം കഴിച്ചിട്ടില്ലെന്ന് തെളിഞ്ഞപ്പോൾ അത് മാറ്റി എന്നാൽ മയക്കുമരുന്നിന് അടിമയാണ്, തറ ഗുണ്ടയാണ്, ഇവൻ സ്ത്രീകളോട് മോശമായി പെരുമാറുന്ന, സ്ത്രീലമ്പടനാണ് എന്നുപറഞ്ഞ് കാർ

അടിച്ചുതകർക്കുന്നു, അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് മാർച്ച് നടത്തുന്നു, അദ്ദേഹത്തിന്റെ കുട്ടികൾക്ക് സ്കൂളിൽ പോകാൻപോലും പറ്റാതാകുന്നു, അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് പുറത്തോട്ട് ഇറങ്ങാൻ വയ്യാതാകുന്നു. ഇതെല്ലാം പോട്ടെ, ഇതുമായി ഒരു ബന്ധവുമില്ലാത്ത പൃഥ്വി രാജിന്റെ സെറ്റിലേയ്ക്ക് ഇവർ ഘോഷയാത്രയായി പോയി ഷൂട്ടിംഗ് മുടക്കുന്നു. മിനിഞ്ഞാന്ന് പുത്തൻകുരിശ് എന്നുപറയുന്ന സ്ഥലത്ത് നടക്കുന്ന ശ്രീനിവാസന്റെ സെറ്റിലേയ്ക്ക് പോയി ഷൂട്ടിംഗ് മുടക്കുന്നു. എന്നുമാത്രമല്ല, എന്നെ ഞെട്ടിച്ച ഒരു കാര്യം ഇപ്പോൾ പല സ്ഥലത്തുനിന്നും ആളുകൾ ജോജു ജോർജ്ജിനെ വിളിച്ച് ഞങ്ങൾ സിനിമ തുടങ്ങാനിരുന്ന പുതിയ പ്രൊഡ്യൂസർമാരാണ്, താൻ കാരണമാണ് ഞങ്ങൾക്ക് ഷൂട്ടിംഗ് തുടങ്ങാൻ പറ്റാത്തത്, അതുകൊണ്ട് അടിയന്തരമായി മാപ്പ് പറഞ്ഞ് കേസ് പിൻവലിക്കണമെന്നുപറഞ്ഞ് ഭീഷണിപ്പെടുത്തുകയാണ്. ഇതിന്റെ പിന്നിൽ ആരാണെന്ന് എല്ലാവർക്കും മനസ്സിലാകും. അദ്ദേഹം എന്നോട് പറഞ്ഞത് 'ഞാൻ മാപ്പു പറയില്ല, കാരണം ഞാൻ തെറ്റ് ചെയ്തിട്ടില്ല' എന്നാണ്. ....(ബഹളം)....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്, പ്ലീസ്.

ശ്രീ. എം. മുകേഷ്: സർ, 'കേസ് പിൻവലിച്ചാൽ ഇവർ പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ ഏൽക്കുന്നുവെന്ന് വരും. അതുകൊണ്ട് ഞാൻ കേസ് പിൻവലിക്കില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. ഈ അവസരത്തിൽ എല്ലാവരും ഓർത്തിരിക്കേണ്ട ഒരു ചെറിയ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യയുടെ വാനമ്പാടി എന്ന് അറിയപ്പെട്ടിരുന്ന എം. എസ്. സുബ്ബലക്ഷ്മിയുടെ ഒരു കച്ചേരി വർഷങ്ങൾക്കുമുൻപ് ഡൽഹിയിൽ നടന്നപ്പോൾ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു അത് കാണാനിടയായി. കച്ചേരി കഴിഞ്ഞപ്പോൾ രണ്ട് വാക്ക് കച്ചേരിയെപ്പറ്റി പറയണം എന്ന് ഭാരവാഹികൾ നിർബന്ധിച്ചു. അപ്പോൾ അദ്ദേഹം 'Who am I? A mere Prime Minister in front of the queen of Ragas' എന്നാണ് പറഞ്ഞത്. ഒരു രാജ്യത്തെ കലാകാരന്മാരുടെയും കലയുടെയും കലാപ്രവർത്തനത്തിന്റെയും മേന്മ, പ്രസക്തി, പ്രാധാന്യം എന്താണെന്ന് ഒരു ചെറിയ വാചകത്തിലൂടെ ഇന്ത്യയ്ക്ക് നൽകിയ സന്ദേശമായിരുന്നു അത്. അണികൾ ചിലപ്പോൾ വികാരവിക്ഷുബ്ധരായി എന്തെങ്കിലും ചെയ്യുമെങ്കിൽ നേതാക്കന്മാർ അവരെ പറഞ്ഞ് മനസ്സിലാക്കണം.

കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായിരുന്ന മലയാള സിനിമാ രംഗം ഇപ്പോൾ തിരിച്ചുവരവിന്റെ പാതയിലാണ്. കലാകാരന്മാരെ അപമാനിച്ചും ഷൂട്ടിംഗ് തടസ്സപ്പെടുത്തിയും സിനിമാ രംഗത്ത് കൂടുതൽ അസ്വസ്ഥതകൾ സൃഷ്ടിക്കാനാണ് സമരക്കാർ പരിശ്രമിക്കുന്നത്. കലാകാരന്മാരെ demoralize ചെയ്ത് മലയാള സിനിമാ രംഗത്തെ തൊഴിൽ മേഖലയിൽ സംഘർഷം സൃഷ്ടിക്കാൻ നടത്തുന്ന നീക്കങ്ങൾക്കെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് ഞാൻ ഒരിക്കൽക്കൂടി ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. പൗരന്മാർക്ക് മൗലിക സ്വാതന്ത്ര്യം ഭരണഘടനാപരമായി അനുവദിക്കപ്പെട്ട നാടാണ് നമ്മുടേത്. സംസാരിക്കാനും ആശയപ്രകടനത്തിനും സമാധാനപരമായി കൂട്ടം കൂടുവാനും ഇഷ്ടമുള്ള തൊഴിൽ ചെയ്യുവാനും സ്വാതന്ത്ര്യമുള്ള നാടാണിത്. ആ അവകാശത്തിന്മേൽ കടന്നുകയറ്റമുണ്ടാകുന്നത് രാജ്യത്തിന്റെ ഭരണഘടനയ്ക്ക് നേരെയുള്ള ആക്രമണമാണ്. ഭരണഘടനാപരമായ ഇത്തരം കാര്യങ്ങൾപോലും തങ്ങൾക്ക് ബാധകമല്ല എന്ന പ്രഖ്യാപനമാണ് ചലച്ചിത്ര

പ്രവർത്തകരെ അവരുടെ തൊഴിൽ സ്ഥലത്തുചെന്ന് ആക്രമിക്കുന്നതിലൂടെ ഉണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാർ നിലപാട് വളരെ വ്യക്തമാണ്. നിയമം കയ്യിലെടുക്കാൻ ആരേയും അനുവദിക്കില്ല. കലാരംഗത്തുള്ളവരുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിനുമേലുള്ള ഏത് വിധത്തിലുള്ള കടന്നുകയറ്റത്തെയും ശക്തമായി നേരിടുകതന്നെ ചെയ്യും. എന്ത് കഴിക്കണം എന്ന് ആജ്ഞാപിക്കുന്നതും ഏത് വസ്ത്രം ധരിക്കണമെന്ന് തിട്ടൂരമിറക്കുന്നതും ഫാസിസ്റ്റ് മുറയാണ്. അങ്ങനെ ചെയ്യുന്ന സംഘങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. അവരെ നാം അപരിഷ്കൃതരായ സാമൂഹ്യ ദ്രോഹികൾ എന്നാണ് വിളിക്കുന്നത്. ചലച്ചിത്രങ്ങളുടെ ചിത്രീകരണം നടക്കുന്നയിടങ്ങളിലേയ്ക്ക് കടന്നുചെന്ന് അക്രമം കാണിക്കുകയും നിരോധനം കൽപ്പിച്ച് ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുകയും ചെയ്യുന്നത് അത്തരം ഫാസിസ്റ്റ് മനോഭാവത്തിന്റെ ഭാഗമായാണ്. ഇത്തരത്തിൽ ക്രിമിനൽ സ്വഭാവമുള്ളവരുടെ നടപടി യാതൊരു കാരണവശാലും വച്ചുപൊറുപ്പിക്കാൻ സാധിക്കില്ല. ആവിഷ്കാര സ്വാതന്ത്ര്യത്തിനുനേർക്കുള്ള കടന്നാക്രമണം നമ്മുടെ നാട്ടിലുമുണ്ടായിട്ടുണ്ട്. എന്നാൽ കുറേക്കാലമായി അത്തരം സംഭവങ്ങൾ നമുക്ക് അന്യമാണ്. മനുഷ്യനെ ഭയപ്പാടില്ലാതെയും സ്വതന്ത്രമായും തൊഴിലെടുത്ത് ജീവിക്കാൻ

സമ്മതിക്കില്ലെന്ന് തീരുമാനിക്കാൻ ഒരു ശക്തിക്കും അവകാശമില്ല. അത്തരം ശ്രമം ആരുടെ ഭാഗത്തുനിന്നുണ്ടായാലും ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഇപ്പോഴുണ്ടായിട്ടുള്ള പ്രശ്നം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുടെ പേരിലുണ്ടായിട്ടുള്ളതാണെന്ന് മാത്രം കരുതാനാവില്ല. വ്യക്തിയോടുള്ള വിദ്വേഷം മുൻനിർത്തിയുള്ള സംഘടിത നീക്കമായി അതിനെ ചുരുക്കിക്കാണുന്നില്ല. ഉള്ളിലുള്ള ഫാസിസ്റ്റ് പ്രവണതയും അസഹിഷ്ണുതയുമാണ് പുറത്തേയ്ക്ക് വരുന്നത്. തങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ചാൽ ആരെയും ജീവിക്കാൻ അനുവദിക്കില്ല, ജോലി ചെയ്യാൻ സമ്മതിക്കില്ല എന്ന് തീരുമാനിച്ച് അക്രമം സംഘടിപ്പിക്കുന്നത് ജനാധിപത്യ സമൂഹത്തിൽ വിലപ്പോകുന്ന രീതിയല്ല. സംഘടിതമായ ആൾക്കൂട്ടങ്ങൾ കലയുടെ അവതരണത്തെയും നിർഭയമായി തൊഴിൽ ചെയ്ത് ജീവിക്കുന്നതിനെയും തടയുന്നതിലേയ്ക്ക് തിരിയുമ്പോൾ കയ്യുംകെട്ടി നോക്കിയിരിക്കാൻ സർക്കാരിന് കഴിയില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത് ഒരു സിനിമയുടെ ചിത്രീകരണത്തെ തടസ്സപ്പെടുത്തിയ പ്രശ്നമാണ്. ഒരു പ്രത്യേക നടന്റെ പേരുപറഞ്ഞ് അദ്ദേഹത്തിന്റെ അഭിനയ ചിത്രീകരണം അനുവദിക്കില്ല എന്ന ആക്രോശംപോലും ചില

കേന്ദ്രങ്ങളിൽനിന്നും അടുത്തിടെ ഉണ്ടായി കാണുന്നു. ഇത് ഒറ്റപ്പെട്ട സംഭവമായി കാണുന്നില്ല. ആസൂത്രിതമായ തീരുമാനം ഇതിന് പിന്നിൽ ഉണ്ടെന്നാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. ജനാധിപത്യത്തിന്റെ കുപ്പായമണിഞ്ഞാണ് ചിലർ ഈ അക്രമങ്ങൾക്ക് തുനിഞ്ഞിറങ്ങിയിരിക്കുന്നത്. ഇത് ആശ്ചര്യകരമാണ്. പൗരന്റെ മൗലികാവകാശം ഇല്ലാതാക്കാൻ കരിനിയമ വാഴ്ച അടിച്ചേൽപ്പിച്ച് നാടിനെ ഇരുട്ടിലേയ്ക്ക് തള്ളിയതിന്റെ ഹാങ്ങോവറിൽനിന്നും ഒരു കൂട്ടർ ഇപ്പോഴും മോചനം നേടിയിട്ടില്ല എന്നാണ് ഇത് കാണിക്കുന്നത്. ഇത് ഒരു പരിഷ്കൃത സമൂഹത്തിൽ, സംസ്കാര സമ്പന്നമായ സമൂഹത്തിൽ ഉണ്ടായിക്കൂടാത്തതാണ്. കലാകാരന്റെ ആവിഷ്കാര സ്വാതന്ത്ര്യം ഏതെങ്കിലും വ്യക്തിയുടേയോ സംഘത്തിന്റെയോ ദയാദാക്ഷിണ്യത്തിനുകീഴിലല്ല. ഇത്തരം സന്ദർഭങ്ങളിൽ നിയമപ്രകാരമുള്ള എല്ലാ നടപടികളുമുണ്ടാകും. സിനിമാ ചിത്രീകരണം തടയുക എന്നത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ തടയൽ മാത്രമല്ല, പൗര സ്വാതന്ത്ര്യത്തിന്റെ പ്രശ്നംകൂടിയാണ്. ഇത്തരം ശ്രമങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിനുനേരെ ദയാദാക്ഷിണ്യമുണ്ടാകില്ല, അത്തരക്കാരെ കർക്കശമായി നേരിടുകതന്നെ ചെയ്യും. അങ്ങനെ നേരിടുന്നത്

നാടൊന്നാകെ പിന്തുണയ്ക്കുന്ന അവസ്ഥയാണ് ഉണ്ടാവുന്നത്. അതാണ് ഈ നാടിന്റെ പാരമ്പര്യം. 'കയ്യൂക്കുകൊണ്ട് കാര്യം നടത്താം' എന്ന സ്ഥിതി ഉണ്ടാവേണ്ടതില്ല. ഫാസിസ്റ്റ് രീതികൾക്ക് വളക്കൂറുള്ള മണ്ണല്ല ഇതെന്ന് മനസ്സിലാക്കി ഇനിയെങ്കിലും അത്തരക്കാർ സ്വയം പിൻമാറണം. നാട്ടിലെ പൗര സ്വാതന്ത്ര്യവും ജനാധിപത്യവും നിയമപാലനവും സർക്കാർ ഉറപ്പാക്കുകതന്നെ ചെയ്യും.

(4) <u>ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്</u>

<u>ശ്രീ. റോജി എം. ജോൺ</u>: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ ജലസേചനത്തിനും കുടിവെള്ളത്തിനും ഏറെ സഹായകരമായിട്ടുള്ള പദ്ധതിയാണ് ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്. മലയാറ്റൂർ, അയ്യമ്പുഴ, മഞ്ഞപ്ര, തുറവൂർ പഞ്ചായത്തുകളിലൂടെ കടന്ന് അങ്കമാലി മുനിസിപ്പൽ പ്രദേശത്ത് എത്തി നിൽക്കുകയാണ് ഇത്. ഈ പദ്ധതിയുടെ ഒറിജിനൽ ആക്ഷൻ പ്ലാൻ അനുസരിച്ച് അങ്കമാലി മുനിസിപ്പൽ പ്രദേശത്തുനിന്നും ആരംഭിക്കുന്ന കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലിന്റെ നിർമ്മാണ നടപടികൾ ഇഴഞ്ഞുനീങ്ങുകയാണ്. ഇതിന്റെ ആദ്യഘട്ടത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ, അതിന്റെ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ

പൂർത്തീകരിച്ച് 15 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികളുമായി മുന്നോട്ടുപോയതാണെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഇത് ഇഴഞ്ഞുനീങ്ങുകയുമാണ്. മാത്രമല്ല ഇതിന്റെ വീതി ഡിപ്പാർട്ടുമെന്റ് തലത്തിൽ കുറയ്ക്കാനായിട്ടുള്ള ശ്രമം നടക്കുന്നതായും അറിയാൻ സാധിക്കുന്നുണ്ട്. 15 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്തുകൊണ്ട് ഈ കനാലിന്റെ നിർമ്മാണം നടത്തുന്നതിനുവേണ്ടി പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ നടത്തുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും നടപടികളെല്ലാം പൂർത്തീകരിക്കുകയും ചെയ്തതിനുശേഷം ഇപ്പോൾ അതിന്റെ വീതി കുറയ്ക്കാനായിട്ടുള്ള ശ്രമം നടക്കുന്നു. മാത്രവുമല്ല ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ വളരെ ഇഴഞ്ഞുനീങ്ങുന്ന ഒരു രീതിയുമാണ് കണ്ടുവരുന്നത്. അങ്കമാലി മുനിസിപ്പൽ പ്രദേശത്ത് നിരവധി വാർഡുകളിലും കാലടി ഗ്രാമപഞ്ചായത്തിലുമുൾപ്പെടെ ചെങ്കൽ തോടിൽ എത്തിച്ചേരുന്ന കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ ആദ്യത്തെ പ്ലാൻ അനുസരിച്ചുതന്നെ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം എന്നതാണ് എന്റെ ഈ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അങ്കമാലി-മാട്ടൂർ വില്ലേജിൽ കൂടി കടന്നുപോകുന്ന കാഞ്ഞൂർ തെക്കുഭാഗം ബ്രാഞ്ച് കനാൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് 11650 മീറ്ററിൽ തുടങ്ങി ചെങ്കൽ തോടിൽ അവസാനിക്കുന്നതായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കാലടി പഞ്ചായത്തിലെ ചെങ്കൽതോടു വരെയുള്ള ഭാഗത്ത് വെള്ളമെത്തിക്കുവാൻ ഈ പദ്ധതിമൂലം സാധിക്കും. നിലവിൽ പദ്ധതിമൂലം ഗുണം ലഭിക്കുന്ന ആയക്കെട്ട് 560 ഹെക്ടറായാണ് കണക്കാക്കുന്നത്. ആയതിനാൽ ലിങ്ക് കനാലിനുവേണ്ടി സമർപ്പിച്ച ഡി.പി.ആർ.-ൽ കാഞ്ഞൂർ തെക്കുഭാഗം ബ്രാഞ്ച് കനാലിന്റെ രൂപകല്പന മൈനർ കനാലായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാൽ കനാൽ നിർമ്മാണത്തിനുമാത്രമായി 5 മീറ്റർ മുതൽ 8 മീറ്റർ വരെ സ്ഥലം ആവശ്യമായിവരുന്നുണ്ട്. 4.547 കിലോമീറ്റർ വരെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി 15 മീറ്റർ വീതിയിൽ അലൈൻമെന്റ് നിജപ്പെടുത്തി ബൗണ്ടറി സ്റ്റോൺ സ്ഥാപിച്ചിട്ടുള്ളതാണ്. ഫേസ് I ആയി 1.33 കിലോമീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. 1.333 കിലോമീറ്ററിന് 42.907 കോടി രൂപയ്ക്കുവേണ്ടി ഡിമാന്റ് നോട്ടീസ് ഡിസ്ട്രിക്ട്

കളക്ടറിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2018-19 ആക്ഷൻ പ്ലാൻ അലോട്ട്മെന്റ് തുകയായ 4.89 കോടി രൂപ 16.09.2019-ൽ റവന്യൂ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അങ്കമാലി-കാലടി വില്ലേജിൽപ്പെടുന്ന സ്ഥലം 15 മീറ്റർ വീതിയിൽ ഏറ്റെടുക്കുന്നതിനുവേണ്ടി ഏകദേശം 110 കോടി രൂപയും കനാൽ നിർമ്മാണത്തിനായി 100 കോടി രൂപയും പ്രതീക്ഷിക്കുന്നു. ഇൻസ്പെക്ഷൻ റോഡ് ഒഴിവാക്കി സ്ഥലമേറ്റെടുക്കുന്നതിന് ഏകദേശം 45 കോടി രൂപയും നിർമ്മാണച്ചെലവിനായി 15 കോടി രൂപയും ആവശ്യമായിവരും. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽക്കൂടിയ യോഗത്തിൽ ഈ വിഷയം ചർച്ചചെയ്യുകയും പുതുക്കിയ മൈനർ കനാലിനായുള്ള ഡി.പി.ആർ. സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2 -ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## 5. കാപ്പാട് കടൽത്തീര സംരക്ഷണം

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി മേഖലയിലെ 32 കിലോമീറ്ററോളം ദൈർഘ്യമുള്ള കടൽത്തീരത്ത് ഭൂരിഭാഗം പ്രദേശത്തും

കടൽക്ഷോഭം രൂക്ഷമാണ്. ഇതിൽ കൊയിലാണ്ടി ഹാർബർ മുതൽ കാപ്പാട് ടൂറിസ്റ്റ് കേന്ദ്രം വരെയുള്ള ഭാഗത്തെ കടൽഭിത്തികൾ ഇടയ്ക്കിടെയുണ്ടാകുന്ന കടൽക്ഷോഭത്തിൽ പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. കടൽഭിത്തികൾ തകർന്നതോടെ സമീപത്തുള്ള തീരദേശറോഡുകൾ തിരമാലകളടിച്ച് കയറി പൂർണ്ണമായും ഗതാഗതം നിലച്ചിരിക്കുകയാണ്. കേരളത്തിലെ ബ്ലൂ ഫ്ലാഗ് അംഗീകാരം കിട്ടിയിട്ടുള്ള ഏക ബീച്ചാണ് കാപ്പാട് ബീച്ച്. ഇവിടെ ദിനംതോറും ആയിരക്കണക്കിന് ടൂറിസ്റ്റുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഗതാഗതയോഗ്യമല്ലാത്ത റോഡുകളിലെ സഞ്ചാരം ദിവസവും അപകടമുണ്ടാകുന്ന രീതിയിലുമാണ്. ഈ റോഡ് പുനഃസ്ഥാപിക്കാൻ കഴിയണമെങ്കിൽ കടൽഭിത്തി സ്ഥാപിക്കണമെന്നുള്ളതാണ്. അടിയ്ക്കടിയുണ്ടാകുന്ന കടൽക്ഷോഭത്തിന് ശാശ്വതമായ പരിഹാരം കാണാൻ കിഫ്ബി സഹായത്തോടെ രൂപം നൽകിയ ബൃഹത്തായ പദ്ധതിയിൽ കാപ്പാട് കടൽത്തീരത്തെയും ഹോട്ട്സ്പോട്ടുകളിലൊന്നായി ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായി നടത്തുന്ന പഠനങ്ങൾക്കും അനുയോജ്യമായ പദ്ധതി നിശ്ചയിക്കുന്നതിനും വേണ്ടത്ര വേഗത

പോരെന്നാണ് കാണുന്നത്. പഠനങ്ങൾ, ഡി.പി.ആർ. തയ്യാറാക്കൽ എന്നിവ വേഗത്തിൽ പൂർത്തീകരിച്ച് നിർമ്മാണ നടപടികളിലേയ്ക്ക് കടക്കണമെന്നും ചെല്ലാനത്തെപ്പോലെ കാപ്പാട് കടൽത്തീരത്തിനും അടിയന്തരപ്രാധാന്യം നൽകി പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കാപ്പാട് മുതൽ വലിയ മാങ്ങാട് വരെയുള്ള കടൽഭിത്തിക്ക് പല പ്രദേശങ്ങളിലും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. മേൽപ്രദേശങ്ങളിൽ സി.പി. 1913 നും 1920 നുമിടയിൽ 1.5 കിലോമീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് 335 മീറ്റർ നീളത്തിൽ ഫിഷിംഗ് ഗ്യാപ്പ് അടയ്ക്കുന്നതിനുമായി ഏകദേശം 12 കോടി രൂപയുടെ പ്രൊപ്പോസലുകൾ തയ്യാറായിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റിനെത്തുടർന്ന് പ്രദേശത്ത് കൂടുതൽ നാശനഷ്ടം സംഭവിച്ചതിനാൽ ഇന്നത്തെ പരിതസ്ഥിതിയ്ക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന വിദഗ്ദ്ധ

സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ തെരഞ്ഞെടുത്ത 10 ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ കാപ്പാട് പ്രദേശത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനനുസരിച്ച് ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് സർക്കാർ അനുമതിനൽകുകയും അപ്രകാരം അന്തിമ ധാരണപത്രം എൻ.സി.സി.ആർ.-ന് നൽകിയിട്ടുമുണ്ട്. ധാരണാപത്രം ഒപ്പുവച്ച് പഠനം പൂർത്തിയാക്കി സമയബന്ധിതമായി വിശദപദ്ധതിരേഖ തയ്യാറാക്കി നിർമ്മാണ നടപടിയിലേയ്ക്ക് കടക്കാവുന്നതാണ്. കേരളത്തിൽ അതിരൂക്ഷമായ കടൽക്ഷോഭം നേരിടുന്ന ഹോട്ട്സ്പോട്ടുകളുടെ പ്രാദേശിക പ്രത്യേകതകൾ വ്യത്യസ്ഥമായതിനാൽ ഓരോ പ്രദേശത്തിനും യോജിച്ച സാങ്കേതിക വിദ്യയും ഡിസൈനും തയ്യാറാക്കേണ്ടതുണ്ട്. കടലാക്രമണത്തിന്റെ രൂക്ഷതയനുസരിച്ച് മുൻഗണനാക്രമത്തിൽ കാപ്പാട് തീരത്ത് ഡി.പി.ആർ. തയ്യാറാക്കി പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതാണ്.

## 6. <u>വടക്കാഞ്ചേരിയിലെ കോൾ പാടങ്ങൾ മൈക്രോ ലെവൽ കോൾ മാനേജ്മെന്റിലേയ്ക്ക് മാറ്റൽ</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പള്ളി</u>: സർ, വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ അടാട്ട്, കൈപ്പറമ്പ്, തോളൂർ എന്നീ പഞ്ചായത്തുകളിലായി

23 പടവുകളിൽ 1840 ഹെക്ടർ കോൾ കൃഷിയാണുള്ളത്. നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ ഈ കോൾപ്പടവുകളിലുണ്ട്. രാസവളങ്ങളുടെ ലഭ്യതക്കുറവും കാലംതെറ്റി പെയ്യുന്ന മഴക്കെടുതികളും പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കാൻ കഴിയണം. ആയതിന് ഇന്ന് നാം സ്വീകരിച്ചുവരുന്ന സമ്പ്രദായത്തിൽ മാറ്റംവരുത്തണം. തൃശ്ശൂർ-പൊന്നാനി കോൾ വികസനമെന്ന നിലയിൽ മൊത്തം കാര്യങ്ങൾ കാണുന്നത് സമഗ്രവികസനം സാധ്യമാക്കുന്നില്ലെന്നതാണ് ഇക്കാലമത്രയുമുള്ള അനുഭവം. ഓരോ പടവുകളെയും പ്രത്യേകമായി പഠിച്ച് പ്രശ്നങ്ങളും സാധ്യതകളും ലിസ്റ്റ് ചെയ്തുവേണം മുന്നോട്ടുനീങ്ങാൻ. കോളിന്റെ സമഗ്ര വികസനത്തിനുവേണ്ട പദ്ധതികൾക്ക് ഉദ്ദേശിക്കുന്ന ഫലപ്രാപ്തി ഉണ്ടാകുന്നതിന് ഇത് ആവശ്യമാണ്. ഡബിൾ കോൾ പദ്ധതി വിജയിക്കണമെങ്കിലും ടൂറിസം, മത്സ്യം വളർത്തൽ എന്നിവ വഴി കർഷകർക്ക് അധികവരുമാനം ലഭിക്കുന്നതിനും സൂക്ഷ്മതലത്തിൽ പടവുകൾ തിരിച്ച് പഠനം നടത്തേണ്ടതുണ്ട്. നിലമൊരുക്കി വിത്തുവിതയ്ക്കൽ മുതൽ കൊയ്ത്തും സംഭരണവുമുൾപ്പെടെ ഓരോന്നിനും പ്രത്യേകം പ്രത്യേകം പദ്ധതിയാവിഷ്കരിക്കണം. പുതിയ കാർഷിക യന്ത്രങ്ങളെക്കുറിച്ചും കൃഷി

ചെയ്യുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ചും കൃഷിക്കാർക്ക് പരിശീലനം നൽകണം. ഓരോ പടവുകളിലും ആവശ്യമായ തടയണകളെക്കുറിച്ചും ഏതു ബണ്ടുകൾ ബലപ്പെടുത്തുമെന്നതിനെക്കുറിച്ചും പഠനം നടത്തണം. വിത്ത്, വളം എന്നിവ പടവുകളിലെത്തിക്കുന്നതിനും ഉല്പാദിപ്പിച്ച നെല്ലും വയ്ക്കോലും കയറ്റിക്കൊണ്ടുപോകുന്നതിനും ആവശ്യമായ റോഡുകൾ നിർമ്മിക്കണം. കെ.എൽ.ഡി.സി. കനാൽ ആഴം കൂട്ടുന്നതിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണ് ബണ്ടുകളിലിട്ട് ബണ്ട് ബലപ്പെടുത്തി സഞ്ചാരയോഗ്യമാക്കുകയും വേണം. ഇത് കൃത്യമായി നടക്കുന്നില്ല. കടവിൽ കോളിൽ 51 തറയ്ക്കടുത്തുള്ള പഴയപാലം ലോറി പോകത്തക്കവിധം പുതുക്കിപ്പണിയണം. കുട്ടവിപ്പാറ മുതൽ പുല്ലരി, വെങ്കിടങ്ങുവരെ റോഡ് കെട്ടി സംരക്ഷിക്കുന്നതിലൂടെ ഇതിന്റെ ഗുണം 10 പടവുകൾക്ക് ലഭിക്കും. പെട്ടിയും പറയുമുപയോഗിച്ച് പടവുകളിലെ വെള്ളം ഒഴുക്കിക്കളയുന്നത് ചെലവേറിയ ഒന്നാണ്. Submersible മോട്ടോർ പമ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനം മന്ദഗതിയിലാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. ആവശ്യമായ എല്ലായിടത്തും പുതിയ ഇലക്ട്രിസിറ്റി ലൈനുകൾ വലിക്കണം. ഉൾച്ചാലുകൾ വീതിയും ആഴവും കൂട്ടുന്ന പ്രവർത്തനം

സമയബന്ധിതമായി നടക്കണം. തുഴയ്ക്കൽ പുഴയിൽ വന്നവസാനിക്കുന്ന വിധത്തിലാണ് കെ.എൽ.ഡി.സി കനാൽ നിർമ്മിച്ചിട്ടുള്ളത്. പുഴയുടെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന വിധത്തിൽ അവിടെ അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ബണ്ടിനെ ആധുനികവത്കരിച്ച് റെഗുലേറ്റർ കം ബ്രിഡ്ജാക്കി മാറ്റിയാൽ വെള്ളപ്പൊക്കം തടയുന്നതിനും വെള്ളപ്പൊക്കം കാരണം കെ.എൽ.ഡി.സി. ബണ്ടുകൾ പൊട്ടിക്കുന്നതും ഒഴിവാക്കാം. തുടർച്ചയായി പ്രളയങ്ങൾ വന്നതിന്റെ ഭാഗമായി ഉടലെടുത്ത മറ്റൊരു പ്രശ്നം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ കോളുകളിലൂടെ വെള്ളം എളുപ്പത്തിൽ ഒഴുക്കിവിടുന്നതിനായി കോൾ ബണ്ടുകൾ പൊട്ടിച്ച് വെള്ളം ഒഴിവാക്കുന്ന സ്ഥിതിയുണ്ട്. മാലിന്യങ്ങൾ കോളുകളിലേയ്ക്ക് വരാതിരിക്കുന്നതിനും പൊളിച്ച ബണ്ട് നിർമ്മിക്കുന്നതിന്റെ പ്രശ്നങ്ങളും കാരണം കൃഷിക്കാരുടെ എതിർപ്പും സംഘർഷങ്ങളുമുണ്ടാകുമ്പോൾ കളക്ടറും പോലീസും ഇടപെട്ടാണ് പ്രശ്നങ്ങൾ പരിഹരിക്കുന്നത്. ഇതിന് ശാശ്വതമായ പരിഹാരം കാണണം. ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായി വകുപ്പുതല ഏകോപനം വേണം. കൃഷി, ജലസേചനം, ഇലക്ട്രിസിറ്റി കെ.എൽ.ഡി.സി. ഉദ്യോഗസ്ഥരുടെയും പടവു കൺവീനർമാരുടെയും സഹകരണ

സംഘങ്ങളുടെയും സംയുക്തയോഗം മണ്ഡലാടിസ്ഥാനത്തിൽ ഇടപെട്ട് വിളിക്കണം. കോൾ മേഖലയിൽ മാക്രോ ലെവൽ മാനേജ്മെന്റിൽ നിന്നും മൈക്രോ ലെവൽ മാനേ്മെന്റിലേയ്ക്കുള്ള കോൾ മാനേജ്മെന്റ് സിസ്റ്റം കൊണ്ടുവരണം. പഠനം നടത്തി പടവുകൾ സംരക്ഷിക്കുകയും കോൾ മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുകയും ചെയ്യണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ അടാട്ട്, കൈപ്പറമ്പ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലെ കോൾ പാടങ്ങൾ ഉൾപ്പെടുന്ന തൃശ്ശൂർ-പൊന്നാനി കോൾ മേഖലയിലെ വെള്ളപ്പൊക്ക നിവാരണത്തിനും സുസ്ഥിര വികസനത്തിനുമായി റീബിൽഡ് കേരള പദ്ധതി പ്രകാരം 298.382 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ 2020-ൽ അനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ പൂർത്തീകരണ കാലാവധി അഞ്ച് വർഷമാണ്. ഈ പദ്ധതി അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് വിഭാഗം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.), കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ വകുപ്പുകളും ഏജൻസികളും

മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. വടക്കാഞ്ചേരി മണ്ഡലത്തിലെ അടാട്ട്, കൈപ്പറമ്പ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പേരമംഗലം, പുഴയ്ക്കൽ, മുല്ലശ്ശേരി, കടാന്തോട് എന്നീ പ്രധാന കനാലുകളുടെ ആഴം കൂട്ടൽ; പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളായ എഞ്ചിൻ തറ, എഞ്ചിൻ ഷെഡ്, ഉൾച്ചാൽ ആഴം കൂട്ടൽ, റാമ്പ്, ഫാം റോഡ്, കിട എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പേരമംഗലം, പുഴയ്ക്കൽ, മുല്ലശ്ശേരി കനാലുകളിൽ 10 കി.മീറ്ററോളം നീളത്തിൽ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടാൻ കഴിഞ്ഞിട്ടുണ്ട്. കനാലുകളുടെ ആഴം കൂട്ടുമ്പോൾ ലഭ്യമായ മണ്ണ് ഉപയോഗിച്ച് ബണ്ടിന്റെ വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുന്ന പ്രവർത്തി മഴ കഴിഞ്ഞതോടെ കെ.എൽ.ഡി.സി. പുനരാരംഭിക്കുന്നതാണ്. അടാട്ട്, കൈപ്പറമ്പ്, തോളൂർ മേഖലയിലെ രണ്ട് പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സംഘംനോർത്ത്, സംഘംസൗത്ത്, നായ്ക്കാങ്കാളി പാടം, തരിശ് കരിമ്പാടം പാടശേഖരം, ചാത്തൻ കോൾ, തുരുത്തുംതാഴം, പൊണ്ണമുതകോൾ പടവ് എന്നീ പാടശേഖരങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. വെള്ളക്കെട്ട് ഒഴിവായതിനുശേഷം ഡിസംബർ-ജനുവരി മാസത്തോടെ ഈ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. 3.88 കോടി രൂപ

വരുന്ന ഈ പ്രവർത്തികളിൽ ഉൾച്ചാൽ ആഴംകൂട്ടൽ 35,750 മീറ്റർ, റാമ്പ് പത്തെണ്ണം, കിടാ ളന്വകൾ 17 എണ്ണം, ഫാം റോഡ് 7500 മീറ്റർ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ മേഖലയിലെ ശേഷിച്ച പാടശേഖരങ്ങളായ പൊന്നൂർ താഴം കോൾ, വടക്കേ പൊന്നൂർതാഴം കോൾ, മുണ്ടൂർതാഴം കോൾ പടവ്, പേരാമംഗലംതാഴം കോൾ പടവ് തുടങ്ങിയ പാടശേഖരങ്ങളിലെ പ്രവർത്തികളുടെ സാങ്കേതിക അനുമതി നൽകുന്ന നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. ബണ്ട് ബലപ്പെടുത്തി കർഷകർക്ക് കാർഷിക സംബന്ധമായ സാധനങ്ങൾ പടവുകളിൽ എത്തിക്കുന്നതിന് പ്രസ്തുത പഞ്ചായത്തുകളിലും ഫാം റോഡുകൾ നിർമ്മിക്കുന്ന പ്രവർത്തി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം ഊജ്ജക്ഷമത കുറഞ്ഞ പെട്ടിക്കും പറയ്ക്കും പകരം ഊർജ്ജക്ഷമത കൂടിയ 263 submersible axial flow pump സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി. 52.3743 കോടി രൂപയുടെ സപ്ലൈ ഓർഡർ നൽകി കഴിഞ്ഞിട്ടുണ്ട്. ഇതിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ അടാട്ട് ഗ്രാമപഞ്ചായത്തിൽ 29 എണ്ണവും തോളൂർ ഗ്രാമപഞ്ചായത്തിൽ 11 എണ്ണവും

കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ഒരെണ്ണവും ഉൾപ്പെടുന്നുണ്ട്. തൃശ്ശൂർ പൊന്നാനി മേഖലയിലെ കോൾ പടവുകളിലെ വൈദ്യുത ലഭ്യത വർധിപ്പിക്കാൻ ട്രാൻസ്ഫോർമറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. മുഖാന്തരം 9.537 കോടി രൂപയുടെ പദ്ധതി പ്രവർത്തനം പുരോഗതിയിലാണ്. ഇതിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ അടാട്ട്, കൈപ്പറമ്പ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലെ കോൾ പടവുകളും ഉൾപ്പെടുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ തൃശ്ശൂർ പൊന്നാനി മേഖലയിലെ കോൾ പടവുകളിലെ യന്ത്രവൽക്കരണത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 2.497 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിവഴി ഒരു അഗ്രോ എക്സ്കവേറ്റർ, ഒരു മിനി എക്സ്കവേറ്റർ, ആറ് ട്രാൻസ്പ്ലാന്റർ, 15 റോട്ടോറ്റില്ലർ, ഒരു ട്രക്ക് എന്നിവ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഈ യന്ത്രങ്ങൾ വടക്കാഞ്ചേരി മണ്ഡലത്തിലെ അടാട്ട്, കൈപ്പറമ്പ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലെ പാടശേഖരങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ പദ്ധതി പ്രദേശത്തിന്റെയും പൊതുവായ ഉപയോഗത്തിനുള്ളതാണ്. കൂടാതെ മേൽ പരാമർശിച്ച പാടശേഖരങ്ങൾ

ഉൾപ്പെടെയുള്ള മുഴുവൻ പദ്ധതി പ്രദേശങ്ങളിലെയും ഉപയോഗത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തൃശ്ശൂർ ജില്ലാ ഓഫീസിൽ 50 കൊയ്ത്തുമതി യന്ത്രങ്ങൾ, 5 ട്രാക്ടറുകൾ, 30 പവർടില്ലറുകൾ, 7 നടീൽ യന്ത്രങ്ങൾ എന്നിവ നിലവിൽ ലഭ്യമാണ്. പുഴയ്ക്കൽ തോടിന്റെ വലത് ബണ്ടിൽ റിവർ ടൂറിസം ഭാഗത്ത് റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും പതിയാർക്കുളങ്ങര തടയണയുടെ പദ്ധതിയും Rural Infrastructure Development Fund (RIDF) 2022-ലെ സേവിംഗ്സ് തുക ഉപയോഗപ്പെടുത്തുന്നതിനുവേണ്ട അനുമതിക്കായി പ്രോജക്ട് തയ്യാറാക്കി വരികയാണ്. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് സ്ഥല ലഭ്യതയ്ക്കനുസരിച്ച് നബാർഡ് ധനസഹായത്തോടെ ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, നബാർഡ്, RIDF അടിസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങളുടെ പണികൾ പൂർത്തീകരിക്കുന്നതോടെ കോൾ മേഖലയിൽ സുസ്ഥിര വികസനം സാധ്യമാകുന്നതാണ്. അടാട്ട്, കൈപ്പറമ്പ്, തോളൂർ മേഖലയിലെ കോൾ പാടങ്ങളുടെ മാനേജ്മെന്റ് മാക്രോ ലെവലിൽനിന്നും മൈക്രോ ലെവലിലേയ്ക്ക് മാറണമെന്ന ആവശ്യവും

പരിശോധിക്കുന്നതാണ്.

7. നാദാപുരത്തെ കിഫ്ബി റോഡുകളുടെ നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം മണ്ഡലത്തിലെ കിഫ്ബി റോഡുകളുമായി ബന്ധപ്പെടുത്തിയാണ് ഈ സബ്മിഷൻ. ഇതിനകം പൂർത്തീകരിച്ച് ഉദ്ഘാടനം നടന്ന റോഡുകളുമുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച റോഡുകളുടെ പണി ത്വരിതപ്പെടുത്തേണ്ടതുണ്ട്. Financial Sanction (FS)-ഉം സാങ്കേതിക അനുമതിയും ലഭിച്ച റോഡുകളുടെ പണിയും ത്വരിതപ്പെടുത്തേണ്ടതുണ്ട്; ഇക്കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അതിൽ തൊട്ടിൽപ്പാലം-കുണ്ടുതോട് റോഡ് ടെണ്ടറായതാണ്, പക്ഷെ അതിന്റെ പണി തുടങ്ങിയിട്ടില്ല. കുളങ്ങരത്ത്- നമ്പിത്താൻകുണ്ട്-വാളുക്ക് വിലങ്ങാട് റോഡ് ടെണ്ടറായതാണ്, പക്ഷെ അതിന്റെ പണി തുടങ്ങിയിട്ടില്ല. മലയോര ഹൈവേ (പുല്ലുവാ മുതൽ തൊട്ടിൽപ്പാലം വരെയുള്ള റീച്ച്) ടെണ്ടർ നടപടിയിലെത്തിയതാണ് അതിന്റെ പണിയും വേഗതയിലെത്തിക്കേണ്ടതുണ്ട്. കായപ്പനിച്ചി-കുന്നിൻച്ചിറ-ഇടച്ചേരി-പുതിയങ്ങാടി റോഡിന്റെ അലൈൻമെന്റിന്റെ മാറ്റം കിഫ്ബിയുമായി യോഗത്തിൽ അംഗീകരിച്ചതാണ്, അതിന്റെ പണിയും

പൂർത്തീകരിക്കേണ്ടതുണ്ട്. മൂന്നാംകൈ-കരിങ്കാട്-കൈവേലി പ്രവർത്തി കിഫ്ബിയുടെ നടപടിക്രമങ്ങൾ അനുസരിച്ച് നടത്താൻ കഴിയില്ലെന്ന് പറഞ്ഞിരുന്നു. പക്ഷെ അതിനുശേഷം Pradhan Mantri Gram Sadak Yojana (PMGSY) ഫോമിൽ അതിന്റെ പണി നടത്തുന്നതിനെക്കുറിച്ചുള്ള ആലോചനയാണ് കിഫ്ബി നടത്തിയിരുന്നത്. പക്ഷെ[ അതും ഇപ്പോൾ എങ്ങുമെത്താതെ നിൽക്കുകയാണ്. വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡിന്റെ പണിയും ത്വരിതപ്പെടുത്തേണ്ടതുണ്ട്. ഇത്രയും കാര്യങ്ങളാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇതിനെല്ലാം മന്ത്രിതന്നെ മുൻകയ്യെടുത്ത് പണികൾ പൂർത്തീകരിക്കാനുള്ള നടപടികളിലേയ്ക്ക് എത്തിത്തരണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച നിരത്ത് പ്രവർത്തികളുടെ പുരോഗതിയാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഇ. കെ. വിജയൻ ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നത്. പ്രധാനമായും അദ്ദേഹം ആറ് പ്രവർത്തികളാണ് പറഞ്ഞിട്ടുള്ളത്. തൊട്ടിൽപ്പാലം-കുണ്ടുതോട് റോഡ്

പ്രവർത്തിക്ക് 14.75 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പ്രവർത്തിയുടെ ടെണ്ടറിന് ടെണ്ടർ അപ്രൂവൽ കമ്മിറ്റി നൽകിയതനുസരിച്ച് കരാറുകാരന് നവംബർ 1-ന് letter of acceptance കരാറുകാരന് നൽകിയിട്ടുണ്ട്. കരാർ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കരാറിൽ ഏർപ്പെട്ടശേഷം പ്രവർത്തി ആരംഭിക്കാനുള്ള നിർദ്ദേശം ഫീൽഡ് എഞ്ചിനീയർമാർക്ക് നൽകുന്നതാണ്. അദ്ദേഹം ഇവിടെ പറഞ്ഞ രണ്ടാമത്തെ പ്രവർത്തിയെന്നത്, കുളങ്ങരത്ത്-നമ്പിത്താൻകുണ്ട്-വിലങ്ങാട് വലിക്ക് റോഡാണ്. ഈ പ്രവർത്തിക്ക് 42.9471 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയതാണ്. പ്രവർത്തിയുടെ ടെണ്ടറിന് അനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ മാനദണ്ഡപ്രകാരം letter of acceptance നൽകാനായി Work Breakdown Structure (WBS), project acquisition document, execution document, tender file, letter of acceptance file എന്നിവയ്ക്ക് അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഇതെല്ലാം പൂർത്തിയാക്കി letter of acceptance കരാറുകാരന് നൽകി പ്രവർത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കും. മൂന്നാമത്തേത്, മലയോര ഹൈവേ (പുല്ലുവ-തൊട്ടിൽപ്പാലം) പ്രവർത്തിക്ക് 88.13 കോടി രൂപയുടെ സാമ്പത്തിക

അനുമതിയും സ്ഥല ലഭ്യതയുള്ള പ്രദേശത്തെ റോഡ് പ്രവർത്തിക്ക് 49.22 കോടി രൂപയുടെ ഭാഗിക സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ഒക്ടോബർ 29-ന് പ്രവർത്തി ടെണ്ടർ ചെയ്തു. 17.11.2021-ന് സാങ്കേതിക ബിഡ് ഓപ്പൺ ചെയ്യുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി അംഗീകാരം നേടിയതിനുശേഷം കരാർ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. അതായത്, ഒരാഴ്ച കൊണ്ട് സാങ്കേതിക ബിഡ് ഓപ്പൺ ചെയ്യും. നാലാമത്തെ പ്രവർത്തിയെന്നത്, കായപ്പനിച്ചി-കുന്നുച്ചിറ ചുണ്ടയിൽ-പുതിയങ്ങാടി റോഡാണ്. ഈ പ്രവർത്തിക്ക് 20 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി ലഭിച്ചിരുന്നു. ഈ പ്രവർത്തി കായപ്പനിച്ചി-കുന്നുച്ചിറ-ഇടച്ചേരി-പുതിയങ്ങാടി എന്ന് പുനർനാമകരണം ചെയ്യണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു. അദ്ദേഹം ഇവിടെ മുന്നോട്ട് വച്ച അഞ്ചാമത്തെ പ്രവർത്തിയെന്നത് മൂന്നാംകൈ-കരിങ്കാട് റോഡാണ്. 20 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി ലഭിച്ച പ്രവർത്തിയാണിത്. പ്രസ്തുത പ്രവർത്തിയുടെ PMGSY മാനദണ്ഡപ്രകാരമുള്ള എസ്റ്റിമേറ്റ് 01.10.2021-ൽ സാങ്കേതിക അനുമതി ലഭിക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിൽനിന്ന് കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 3.80 മീറ്റർ

വീതിയിൽ നിലവിലുള്ള ക്യാരേജ് വേയിൽ Bitumen Macadam (BM) and Bitumen Concrete (BC) നിലവാരത്തിലുള്ള റോഡ് നിർമ്മിക്കുന്നതിനായി 28.936 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റാണ് നൽകിയിരിക്കുന്നത്. അത് കിഫ്ബിയിൽ പരിശോധനയിലാണ്. അവസാനത്തേത്, വടക്കര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡാണ്. ഈ പ്രവർത്തിക്ക് 58.299 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഫ്രീ സറണ്ടറായി ഭൂമി വിട്ടുനൽകുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിക്കുന്നു. ഈ ആറും കിഫ്ബിയുമായി ബന്ധപ്പെട്ട് Kerala Road Fund Board (KRFB) ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തികളാണ്. നാദാപുരം മണ്ഡലം കണ്ണൂർ കോഴിക്കോട് ജില്ലാതിർത്തിയിലാണ്. ഇപ്പോൾ കണ്ണൂർ എയർപോർട്ടിൽനിന്നും വരുന്ന വഴികൂടിയുള്ള ഒരു മണ്ഡലമാണ്. ആ നിലയിൽ വളരെ പ്രാധാന്യത്തോടുകൂടിതന്നെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഇ. കെ. വിജയൻ ഉന്നയിച്ചിട്ടുള്ള ഈ വിഷയം കാണും. നാദാപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ ഒരു പ്രത്യേക യോഗം ബന്ധപ്പെട്ട വകുപ്പ് മേധാവികളോട് വിളിച്ചുചേർക്കാൻ ആവശ്യപ്പെടുകയും ചെയ്യും.

(8) മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ്

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരി മുൻസിപ്പാലിറ്റിയുടെ ഇന്ദിരാഗാന്ധി ബസ് സ്റ്റാൻഡിൽ യു.ഡി.എഫ്. ഭരണകാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഒരു സ്റ്റേഷൻ മാസ്റ്റേഴ്സ് ഓഫീസ് അനുവദിച്ചിരുന്നു. മഞ്ചേരി നഗരസഭ ഈ ഓഫീസിന് ആവശ്യമായ കെട്ടിടം സൗജന്യമായി നൽകുകയും ചെയ്തു. കെ.എസ്.ആർ.ടി.സി ബസ്സുകൾ സ്റ്റാൻഡിൽ വരികയും ആളുകളെ കയറ്റുകയും ഇറക്കുകയും ചെയ്തുകൊണ്ടിരിന്നു. ദീർഘദൂര യാത്രക്കാർക്ക് ഇത് വലിയ അനുഗ്രഹമായിരുന്നു. എന്നാൽ ഈ ഓഫീസിൽ പ്രവർത്തനം കുറച്ചുകാലമായി നിർത്തിയതിന്റെ ഫലമായി യാത്രക്കാർ വലിയ പ്രയാസമാണ് അനുഭവിക്കുന്നത്. ഞാൻ എം.എൽ.എ ആയ ഉടൻതന്നെ ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിക്ക് ഇതിനെ സംബന്ധിച്ച് ഒരു നിവേദനം നൽകിയിരുന്നു. ഇനിയും മുമ്പത്തെ പോലെതന്നെ മുനിസിപ്പൽ കെട്ടിടത്തിൽ ഈ ഓഫീസിന് സൗകര്യം ചെയ്യാമെന്ന് മഞ്ചേരി മുനിസിപ്പൽ ചെയർപേഴ്സൻ ശ്രീമതി. വി.എം.സുബൈദ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് മഞ്ചേരി ഐ.ജി.ബി.റ്റി. ബസ്സ് സ്റ്റാൻഡിൽ (ഇന്ദിരാഗാന്ധി

ബസ്സ് സ്റ്റാൻഡിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കണമെന്ന് മഞ്ചേരി ജനങ്ങൾക്കുവേണ്ടി ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, മഞ്ചേരിയിൽ മുനിസിപ്പൽ ബസ്സ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കാനാണ് ബഹുമാനപ്പെട്ട അംഗം ഈ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. 2012 -ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിൽകൂടി വളരെ കുറച്ച് ബസ്സുകൾ മാത്രമാണ് സർവ്വീസിനായി വരികയും പോകുകയും ചെയ്യുന്നത്. മലപ്പുറം, പെരുന്തൽമണ്ണ, നിലമ്പൂർ എന്നീ യൂണിറ്റുകളിൽനിന്നും മഞ്ചേരിയിലേയ്ക്കും മഞ്ചേരിയിലെ പരിസര പ്രദേശങ്ങളിലേയ്ക്കും മതിയായ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനാൽ മഞ്ചേരിയിൽനിന്ന് കൂടുതൽ സർവ്വീസുകൾ ആരംഭിക്കേണ്ട ആവശ്യകതയില്ലാത്തതും, സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയതിനാലുമാണ് മഞ്ചേരി ബസ്സ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 03-09-2017-ൽ നിർത്തലാക്കിയത്. ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൗജന്യമായി

ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരുക്കിത്തന്നാൽ പോലും ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുമ്പോൾ പ്രതിവർഷം പ്രവർത്തന ചെലവിനത്തിൽ 50 ലക്ഷത്തോളം രൂപയാണ് കോർപ്പറേഷന് അധിക ബാധ്യതവരുന്നത്. കൂടുതൽ യാത്രക്കാർ ബസ്സ് സ്റ്റാൻഡിനെ ആശ്രയിക്കുകയും കൂടുതൽ ബസ്സുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും ഭാവിയിൽ കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമായ രീതിയിൽ മഞ്ചേരി ബസ്സ് സ്റ്റാൻഡ് കേന്ദ്രീകരിച്ച് ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (9) <u>കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനം</u>

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, വടകര താലൂക്കിലെ കിഴക്കൻ മലയോര മേഖലയിലെ ഏക ആതുരാലയമാണ് കുറ്റ്യാടി താലൂക്ക് ആശുപത്രി. കുന്നുംപുറം ബ്ലോക്കിലെ ഏഴ് പഞ്ചായത്തുകളും പേരാമ്പ്ര ബ്ലോക്കിലെ ചങ്കരോത്ത് പഞ്ചായത്ത് വയനാട് ജില്ലയിലെ തൊണ്ടർനാട്, വെള്ളമുണ്ട പഞ്ചായത്തുകൾ ഈ പ്രദേശത്തെ ജനങ്ങളുടെ മുഴുവൻ ആശ്രയ കേന്ദ്രമാണ് കുറ്റ്യാടി താലൂക്കാശുപത്രി. മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ

കാലത്ത് സ്ഥാപിച്ച മെറ്റേണിറ്റി സെന്ററാണ് 1958 -ൽ മഹാനായ ഇ.എം.എസ്.-ന്റെ ഭരണകാലത്ത് പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തിയത്. 1996 -ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയ പ്രസ്തുത സ്ഥാപനം ഇപ്പോൾ താലൂക്കാശുപത്രിയായി പ്രവർത്തിച്ചുവരികയാണ്. 104 കിടക്കകളുള്ള ഈ ആശുപത്രിയിൽ ദിനം പ്രതി 1200 -റോളം രോഗികൾ ഒ.പി.-യിൽ എത്തുന്നു. ശരാശരി 300 -ഓളം രോഗികൾ കാഷ്വാലിറ്റിയിലും 30 -ഓളം രോഗികൾ ഐ.പി. സേവനവും പ്രയോജനപ്പെടുത്തിവരുന്നു. മാസത്തിൽ ശരാശരി 30 പ്രസവവും വർഷത്തിൽ 455 ശസ്ത്രക്രിയകളും നടക്കുന്നുണ്ട്. നാട്ടുകാരുടെ മുൻകയ്യോടെ 66 രോഗികൾക്ക് ഡയാലിസിസ് സേവനവും നടത്തുന്നുണ്ട്. പ്രസ്തുത കേന്ദ്രം താലൂക്കാശുപത്രിയുടെ പൂർണ്ണനിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്. ഇറിഗേഷൻ വകുപ്പിൽനിന്ന് വിട്ടുകിട്ടിയ 50 സെന്റ് സ്ഥലത്തിൽ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി രണ്ട് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്റ്റാഫ് ക്വാർട്ടേഴ്സ് അടിയന്തരമായി നിർമ്മിക്കേണ്ടതുണ്ട്. കാഷ്വാലിറ്റിയിൽ നാല് ഡോക്ടർമാരെയാണ്

അനുവദിച്ചിരുന്നതെങ്കിലും രണ്ടുപേരുടെ സേവനം മാത്രമെ ലഭിക്കുന്നുള്ളൂ. വർക്കിംഗ് അറേഞ്ച്മെന്റിൽ രണ്ടുപേർ ഇപ്പോൾ പുറത്താണ്. നാലുപേരുടെ സേവനം ഉറപ്പുവരുത്തുന്നതോടൊപ്പം രണ്ട് പുതിയ തസ്തികകൾ കൂടി അനുവദിക്കണം. താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും സ്റ്റാഫ് പാറ്റേൺ പഴയതുതന്നെയാണ്. ആശുപത്രിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 44 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഒന്നാം ഘട്ടമായി 20 കോടി രൂപയുടെ ഡി.പി.ആർ.-ഉം സമർപ്പിച്ചിട്ടുണ്ട്. പുതിയ ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണവും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണവും സമയബന്ധിതമായി പൂർത്തീകരിക്കണം. ഒഴിഞ്ഞ് കിടക്കുന്ന പോസ്റ്റുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന കുറ്റ്യാടി താലൂക്കാശുപത്രിയിൽ 104 കിടക്കകളാണ്

അനുവദിച്ചിട്ടുള്ളത്. ഈ ആശുപത്രിയിൽ കോവിഡ് മഹാമാരിക്കുമുമ്പുള്ള പ്രതിദിന ഒ.പി. 1200-ഉം ഐ.പി. 30-ഉം ആയിരുന്നു. 300-ഓളം രോഗികൾക്ക് കാഷ്വാലിറ്റി സേവനവും നൽകിവന്നിരുന്നു. കോവിഡ് സാഹചര്യത്തെത്തുടർന്ന് പ്രതിദിന ശരാശരി ഒ.പി. 400-ഉം ഐ.പി.5-ഉം ആയി ചുരുങ്ങിയിട്ടുണ്ട്. 170-ഓളം രോഗികൾക്ക് നിലവിൽ കാഷ്വാലിറ്റി സേവനവും നൽകിവരുന്നു. ഓർത്തോ, പീഡിയാട്രിക്, ഒഫ്ത്താൽമോളജി, സർജറി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, അനസ്തേഷ്യ, ദന്തൽ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങളും 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സൗകര്യവും ഇവിടെ ലഭ്യമാണ്. കൂടാതെ ഫാർമസി, എക്സ്-റേ എന്നീ സൗകര്യങ്ങളും നിലവിലുണ്ട്. കോവിഡ് മഹാമാരിക്കുമുമ്പ് ഓർത്തോ വിഭാഗത്തിൽ അറുപതോളം ശസ്ത്രക്രിയകളും സർജറി വിഭാഗത്തിൽ 450-ഓളം ശസ്ത്രക്രിയകളും നടന്നുവന്നിരുന്നു. എൻഡോസ്കോപ്പി, അൾട്രാ സോണോഗ്രാം എന്നിവയും ഓപ്പറേഷൻ തിയറ്ററിനോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. 108 ആംബുലൻസ്, ദേശീയ ആരോഗ്യ മിഷനിൽനിന്ന് ലഭ്യമായ ആംബുലൻസ് എന്നിവയുടെ സേവനങ്ങൾ ടി ആശുപത്രിയിൽ ലഭ്യമാണ്. 12 ഡയാലിസിസ് കിടക്കകളോടുകൂടിയ

ഡയാലിസിസ് സെന്റർ ഇവിടെയുണ്ട്. മൂന്ന് ഷിഫ്റ്റുകളിലായി പ്രതിദിനം 33 രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ആർ.ടി.പി.സി.ആർ., ട്രൂനാറ്റ്, ആന്റിജൻ തുടങ്ങിയ ടെസ്റ്റുകളും കോവിഡ് ചികിത്സയും വാക്സിനേഷൻ തുടങ്ങിയവയും മികവുറ്റ രീതിയിൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ആശുപത്രി കെട്ടിടത്തിനുസമീപം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ഒരു കോടി രൂപ ചെലവിൽ ആർ.സി.എച്ച്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ എം.എൽ.എ. ഫണ്ടിൽനിന്നും 2 കോടി രൂപ ചെലവിൽ ഡോക്ടർമാർക്കും ജീവനക്കാർക്കും ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് മുഖേന ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന പാതയോട് ചേർന്നുള്ള ആശുപത്രിയായതിനാൽ അത്യാഹിത വിഭാഗം നവീകരിക്കുകയും വെന്റിലേറ്റർ ഉൾപ്പെടെയുള്ള കാഷ്വാലിറ്റി സംവിധാനങ്ങൾ, കേന്ദ്രീകൃത ഓക്സിജൻ സംവിധാനം എന്നിവ ഏർപ്പെടുത്തുകയുംവഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളേർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കാർഡിയാക് മോണിറ്റർ, ഐ.സി.യു. കോട്ടുകൾ, മൾട്ടി പാരമോണിറ്ററുകൾ, ഇൻഫ്യൂഷൻ പമ്പുകൾ,

ഓക്സിജൻ കോൺസൻട്രേറ്റർ, എൻ.ഐ.വി., വെന്റിലേറ്റർ, വൈദ്യുതി തടസ്സം പരിഹരിക്കാൻ ജനറേറ്റർ ഇവയെല്ലാം നവീകരിച്ച കാഷ്വാലിറ്റിയിൽ സജ്ജമാക്കിയിട്ടുണ്ട്. ഈ ആശുപത്രിക്കായി ഇറിഗേഷൻ വകുപ്പിൽനിന്ന് കൈമാറികിട്ടിയ 50 സെന്റ് സ്ഥലത്ത് ആശുപത്രിയുടെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ട നിർമ്മാണത്തിനുള്ള 20 കോടി രൂപയുടെ നബാർഡ് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഈ പ്രൊപ്പോസലിന് നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ സൂപ്രണ്ട് 1, ജൂനിയർ കൺസൾട്ടന്റ് 9, അസിസ്റ്റന്റ് സർജൻ 2, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ 4, അസിസ്റ്റന്റ് ദന്തൽ സർജൻ 1 എന്നിങ്ങനെ 17 ഡോക്ടർമാരുൾപ്പെടെ 91 സ്ഥിരം ജീവനക്കാരും തസ്തികയും നിലവിലുണ്ട്. എൻ.എച്ച്.എം. മുഖാന്തരം 3 അസിസ്റ്റന്റ് സർജന്മാരുൾപ്പെടെ 11 ജീവനക്കാർ, എൽ.എസ്.ജി.ഡി. മുഖാന്തരം ഒരു അസിസ്റ്റന്റ് സർജൻ ഉൾപ്പെടെ 2 പേർ, എച്ച്.എം.സി. മുഖാന്തരം 30 പേർ, ആർ.എസ്.ബി.വൈ.

മുഖാന്തരം 9 പേർ എന്നിങ്ങനെ 52 താൽക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഒരു ലാബ് ടെക്നീഷ്യൻ, ഒരു അസിസ്റ്റന്റ് ദന്തൽ സർജൻ എന്നിങ്ങനെ രണ്ട് തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ആശുപത്രിയിൽ സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തികകൾകൂടി പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ആരോഗ്യ കേന്ദ്രമെന്ന നിലയ്ക്ക് കുറ്റ്യാടി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ കൂടുതലായി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്.

## (10) ജനിതകരോഗ ബോധവൽക്കരണവും സ്ക്രീനിംഗ് ക്യാമ്പുകളും സംഘടിപ്പിക്കൽ

ശ്രീ. ഷാഫി പറമ്പിൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ താമസക്കാരായ ദമ്പതികൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്ന ശ്രീ. നൗഫൽ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി. സഫീന, ഇവർ 2015 ജനുവരിയിലാണ് വിവാഹം കഴിഞ്ഞത്. കല്യാണം കഴിഞ്ഞ് ഒരു വർഷവും ഏതാനും മാസങ്ങളും പിന്നിടുമ്പോൾ അവർക്ക് ആദ്യത്തെ കുഞ്ഞുണ്ടായി. ജനനത്തിൽ കുഞ്ഞിന് യാതൊരു പ്രശ്നങ്ങളും ലക്ഷണങ്ങളും

കണ്ടില്ല. രണ്ടുമൂന്ന് മാസം കഴിഞ്ഞപ്പോൾ കുഞ്ഞിന്റെ കൈകാലുകൾക്ക് ശേഷികുറവുവന്നു. ശ്വാസിക്കാൻ കുഞ്ഞിന് ബുദ്ധിമുട്ടായിത്തുടങ്ങി ഏതാണ്ട് അഞ്ചരമാസമായപ്പോഴെക്കും എന്താണ് അസുഖമെന്ന് കണ്ടെത്താനോ, എന്താണ് ചികിത്സയെന്ന് കണ്ടെത്താനോ, കഴിയാതെ ആ കുട്ടിമരിച്ചുപോയി. അതിനുശേഷം രണ്ടുവർഷം കഴിഞ്ഞ് 2018-ൽ മൂന്നാമത്തെ വർഷത്തിൽ ഇവർക്ക് അടുത്ത കുഞ്ഞ് ജനിച്ചു. ഇത്തവണ ഒരു പെൺകുഞ്ഞായിരുന്നു. ആ കുഞ്ഞിനും ജന്മനാ പ്രശ്നങ്ങളൊന്നും കണ്ടില്ല. രണ്ടുമാസം കഴിഞ്ഞ് ഇതുപോലുള്ള പ്രശ്നങ്ങൾ വീണ്ടും അനുഭവപ്പെടാൻ തുടങ്ങി പല ആശുപത്രികളിലും പോയി. അവസാനം ഡോ. ഷീല നമ്പൂതിരി അമൃതയിൽ പ്രാക്ടീസ് ചെയ്യുന്ന ജനറ്റിക് പീഡിയാട്രീഷ്യൻ അവിടെ ചെന്നപ്പോഴാണ് ഇത് എസ്.എം.എ ആണെന്നുള്ള വിവരം അവർക്ക് കിട്ടുന്നത്. അഞ്ചരമാസമാകുമ്പോഴെയ്ക്കും ആ കുഞ്ഞും മരിച്ചു. ഇപ്പോൾ കണ്ണൂരിലെ മുഹമ്മദ് എന്ന കുട്ടിയ്ക്ക് 18 കോടിരൂപ ചെലവ് വന്നപ്പോൾ ക്രൗഡ് ഫണ്ടിംഗ് വേണ്ടിവന്നപ്പോഴാണ് ഇത്തരത്തിലുള്ള അസുഖത്തെ സംബന്ധിച്ച് നമ്മളിൽ പലരും അറിയുന്നത്. അതിനെ സംബന്ധിച്ചുള്ള പ്രചരണം പോലും നടക്കുന്നത്. ഇത് ഒന്നും അറിയാതെയും

മനസ്സിലാക്കാതെയും നിരവധി ആളുകളാണ് ഈ വലിയ പ്രയാസത്തിനുമുമ്പിൽ സാമൂഹ്യമായി, സാമ്പത്തികമായി, മാനസികമായി വലിയ തകർച്ച നേരിടേണ്ടിവരുന്നത്. ആ കുടുംബത്തോട് സംസാരിച്ചു. ഞങ്ങളൊക്കെ ഇവിടെയുള്ളപ്പോൾ നിങ്ങളൊന്ന് വന്ന് സംസാരിക്കണം. അതിനൊന്നും പറ്റിയ മാനസിക നിലയിൽപോലും രക്ഷിതാക്കൾക്ക് എത്താൻ പറ്റുന്നില്ലെന്നുള്ളതാണ്. Spinal Muscular Atrophy (SMA) ഉൾപ്പെടെയുള്ള ജനിതക രോഗങ്ങൾ നമുക്കിടയിൽ വ്യാപകമാകുകയാണ്. ഇതിനെ തടയാൻ കഴിയുമെന്നിരിക്കെ ഇത്തരം പ്രയാസങ്ങളിലേയ്ക്ക് പൊതുസമൂഹത്തിലെ ആളുകൾ expose ചെയ്യപ്പെടേണ്ട സാഹചര്യം അവസാനിപ്പിക്കാൻ ഗവൺമെന്റ് തലത്തിൽ അതിശക്തമായ ബോധവത്ക്കരണവും പ്രചരണവും ഇടപെടലുകളും നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. ഇതിന് രീതികളുണ്ട്. ഡോക്ടറോട് സംസാരിച്ചിട്ട് അവർക്ക് ലഭിച്ച വിവരം വച്ച് അറിയാൻ കഴിയുന്നത്, ജനിതക രോഗങ്ങളിൽ ഒന്നോ രണ്ടോ മൂന്നെണ്ണത്തിന്റെ വാഹകരാണ് നമ്മളിൽ പലരും; എന്നാൽ ആ വാഹകർ മറ്റൊരാളെ കല്യാണം കഴിക്കുമ്പോൾ ചിലപ്പോൾ ഈ രോഗത്തോടെയുള്ള കുഞ്ഞ്

ജനിക്കുന്നതിന് സാധ്യത കൂടുതലാണെന്നാണ്. Genetic screening നടക്കുന്നില്ല. വികസിത രാജ്യങ്ങളിൽ നടക്കുന്നതുപോലെ വിവാഹത്തിനുമുമ്പുതന്നെ അത്തരം സ്ക്രീനിംഗുകൾ നടത്തിയാൽ... ഒരുപക്ഷേ ഇവർ തമ്മിലുള്ള വിവാഹം ഒഴിവാക്കിയാൽ മറ്റൊരു വിവാഹത്തിലൂടെ അവർക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ചിലപ്പോൾ ഈ അസുഖം വരണമെന്നില്ല. വിവാഹശേഷം ഗർഭധാരണത്തിനുമുമ്പ് ഇത്തരം പരിശോധനകൾ നടത്തേണ്ടത് അനിവാര്യമാണെന്ന് പറയുന്നു. ഡോ. അഷ്റഫുമായി ഇക്കാര്യങ്ങൾ സംസാരിച്ചപ്പോൾ അദ്ദേഹം പറയുന്നത് ഇത് നേരത്തെ കണ്ടെത്താൻ കഴിയും എന്നാണ്. നമ്മളിപ്പോൾ സാംക്രമിക രോഗങ്ങളെ സംബന്ധിച്ചും പനിയുടെ കാര്യത്തെ സംബന്ധിച്ചും പകർച്ചാ രോഗങ്ങളെ സംബന്ധിച്ചൊക്കെ വലിയ ബോധവത്ക്കരണം നടത്തുന്നുണ്ട്. SMA, Thalassemia, Citrullinemia, Tay Sachs, Duchenne Muscular dystrophy തുടങ്ങി ധാരാളം ജനിത രോഗങ്ങൾ genetic screening നടക്കാത്തതുകൊണ്ട് അടുത്ത തലമുറയിലേയ്ക്ക് പകർന്ന് ചികിത്സിക്കാൻ പത്തും പതിനെട്ടും കോടി രൂപ ചെലവുവരുന്ന ദുരവസ്ഥയിലേയ്ക്ക് ചെന്നെത്തുകയും അതിൽനിന്നും ആളുകൾക്ക് രക്ഷപ്പെടാൻ കഴിയാത്ത

സാഹചര്യം നമ്മുടെ മുമ്പിലുണ്ടാകുകയുമാണ്. ക്രൗഡ് ഫണ്ടിംഗ് എല്ലാവരെ സംബന്ധിച്ചിടത്തോളം സാധ്യമായ കാര്യമല്ല. കേരളത്തിന്റെ health standard വച്ച് ഇത്തരം കാര്യങ്ങളിൽ, സാംക്രമിക രോഗങ്ങളിൽ മാത്രം നമ്മുടെ ബോധവത്ക്കരണവും അത് തടയാനുള്ള ശ്രമങ്ങളും അവസാനിപ്പിക്കാതെ genetic screening വ്യാപകമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടത്തണം. വിവാഹപൂർവ്വം genetic screening നടത്തേണ്ടത് അനിവാര്യതയാക്കി മാറ്റണം. അതിന് കാമ്പയിൻ നടത്തണം, ഇത് അടിച്ചേൽപ്പിക്കുന്നതിനല്ല, ഇത്തരം സംഭവങ്ങളെ ഒഴിവാക്കാൻ സഹായിക്കുമെന്നുള്ള ഒരു കമ്മ്യൂണിക്കേഷൻ, ജനങ്ങളുടെ മനസ്സിലേയ്ക്ക് നടത്താൻ കഴിയാവുന്ന ഇടപെടലുകൾ നടത്തണം. നമ്മുടെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന കാമ്പയിനുമായി സഹകരിക്കാൻ കഴിയുന്ന ഒട്ടേറെ പ്രൈവറ്റ് സ്ഥാപനങ്ങൾ സഹകരിക്കാൻ തയ്യാറാണെന്ന് പറഞ്ഞ് രംഗത്ത് വരുന്നുണ്ട്. അത്തരം സ്ഥാപനങ്ങളെക്കൂടി വിശ്വാസത്തിലെടുത്ത് എത്രയുംവേഗം കേരളത്തിന്റെ ആരോഗ്യരംഗത്ത് അനിവാര്യമായ ഇടപെടൽ നടത്താൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണം. കാരണം ഇത് ബാധിച്ച കുടുംബങ്ങളിലെ അംഗങ്ങൾ സാമൂഹ്യമായും സാമ്പത്തികമായും

മാനസികമായും പാടെ തകരുകയാണ്. പലതരത്തിലുള്ള അസുഖങ്ങളുണ്ട്. നമുക്ക് പ്രതിരോധിക്കാൻ കഴിയാവുന്നതാണെങ്കിൽ അത് പ്രതിരോധിക്കപ്പെടേണ്ടതാണ്. അതിനുള്ള ഇടപെടലുകൾ ഉണ്ടാകണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗൗരവമായ ഒരുപ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ജീനുകളുടെ മ്യൂട്ടേഷൻ വഴിയുണ്ടാകുന്ന രോഗത്തെ സംബന്ധിച്ചും അത് എങ്ങനെയാണ് തടയാൻ കഴിയുന്നത് എന്ന പ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. ചിലത് ഏകജീനുകളുടെ തകരാറുകൊണ്ടും ചിലത് നിരവധി ജീനുകളുടെ തകരാറുകൊണ്ടും സംഭവിക്കുന്ന രോഗങ്ങളാണ്. അതിൽ ഏകജീനുകളുടെ വ്യതിയാനം കൊണ്ടുണ്ടാകുന്ന രോഗങ്ങളുടെ കൂട്ടത്തിൽ അരിവാൾ രോഗം, താലിസീമിയ എന്നിവയുൾപ്പെടുന്നു. നിരവധി ജീനുകളുടെ മാറ്റം കൊണ്ടുണ്ടാകുന്ന രോഗങ്ങളുടെ കൂട്ടത്തിലാണ് ഹൃദയസംബന്ധമായ രോഗങ്ങൾ, കാൻസർ, ഡയബറ്റിസ് എന്നിവയുൾപ്പെടുന്നു. പ്രത്യേക ജനിതക രോഗം ചില പ്രദേശങ്ങളിൽ

വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടുമ്പോൾ അതിനുള്ള സ്ക്രീനിംഗ് ഇപ്പോൾ നടത്തുന്നുണ്ട്. അരിവാൾ രോഗം ചില വിഭാഗങ്ങളിൽ കൂടുതലായി കണ്ടുവരുന്നു. സർക്കാർ തലത്തിൽ ചികിത്സാ സൗകര്യവും രോഗികളുടെ സാമൂഹ്യ ഉന്നമനത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറഞ്ഞ ശിശു മരണനിരക്കുള്ള സംസ്ഥാനമാണ് കേരളം. റിപ്പോർട്ട് ചെയ്യപ്പെടുന്ന ശിശുമരണങ്ങളിൽ ജനിതക രോഗങ്ങൾമൂലമുള്ള മരണങ്ങൾ ഉൾപ്പെടുന്നുണ്ട്. ജനിതക രോഗം ബാധിച്ച കുട്ടികൾക്കുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ മുൻഗണന നൽകിവരുന്നു. ഹീമോഫീലിയ എന്ന ജനിതക രോഗം ശരീരത്തിൽ രക്തം കട്ടപിടിക്കുന്നതിനുള്ള ഘടകങ്ങളായ ഫാക്ടർ 8, ഫാക്ടർ 9 എന്നിവയുടെ അഭാവമൂലമുണ്ടാകുന്ന ഒരു പാരമ്പര്യ രോഗമാണ്. ഇപ്പോൾ ആലുവ ജില്ലാ ആശുപത്രിയിൽ ഹീമോഫീലിയ ബാധിതരായ രോഗികൾക്ക് ചികിത്സ ലഭ്യമാണ്. കൂടാതെ മലപ്പുറം ജില്ലയിൽ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആലുവയിലും തിരൂരും  ഹീമോഫീലിയ രോഗികൾക്കുള്ള സ്ക്രീനിംഗ്

ക്യാമ്പുകളും നടന്നുവരുന്നു. ഇപ്പോൾ സംസ്ഥാനത്ത് കണ്ടുവരുന്ന ഒരു ജനിതക രോഗമാണ്; Spinal Muscular Atrophy; ബഹുമാനപ്പെട്ട അംഗം പറഞ്ഞ SMA. ആ രോഗത്തിന്റെ ചികിത്സയ്ക്കായി multidisciplinary clinic-കൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. മെഡിക്കൽ കോളേജ് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ multidisciplinary team of doctors-നെ SMA-ക്കുവേണ്ടി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ജനിതക രോഗങ്ങൾ കണ്ടെത്തുന്നതിനും അവയുടെ തുടർചികിത്സ ഉറപ്പാക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ ജനിതക രോഗത്തെക്കുറിച്ചും ജനിതക രോഗങ്ങളുടെ ചികിത്സയും അതുപോലെ ഇത്തരത്തിലുള്ള രോഗങ്ങൾ വരാതിരിക്കാനുള്ള സാഹചര്യത്തെക്കുറിച്ചും പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നടത്തേണ്ടത് അനിവാര്യമായതിനാൽ വിവിധ സംഘടനകളുടെ സഹായം ഉപയോഗപ്പെടുത്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾ വിപുലമായ രീതിയിൽ നടത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നാട്ടിൽ

കണ്ടുവരുന്ന പ്രത്യേകമായ ചില ജനിതക രോഗങ്ങൾക്ക് extended family screening camp വഴി ഈ അസുഖങ്ങളുടെ വാഹകരായവരെ കണ്ടെത്തുകയും അതുവഴി അത്തരം അസുഖങ്ങൾ ഗർഭസ്ഥ ശിശുവിൽതന്നെ കണ്ടെത്താൻ സാധിക്കുകയും ചെയ്യും. ഇതിന്റെ ഭാഗമായി തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ജനിതക രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള സാങ്കേതികവിദ്യ ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ നിലവിൽ കണ്ടുവരുന്ന ജനിതക രോഗങ്ങൾ കണ്ടെത്തുന്നതിനായി കുട്ടികളിലും, ഗർഭാവസ്ഥയിൽ ഇത്തരം രോഗങ്ങൾ കണ്ടെത്തുന്നതിനായി ഗർഭിണികളിലും പരിശോധനകൾ നടത്തിവരുന്നു. ഇത്തരത്തിലുള്ള പരിശോധനകൾക്കൊപ്പം കുടുംബാംഗങ്ങൾക്കുള്ള കൗൺസിലിംഗ് സംവിധാനവും ഇവിടെ ലഭ്യമാണ്. നിലവിലെ മാർഗ്ഗരേഖകൾ അനുസരിച്ച് ഇത്തരത്തിൽ സംശയം തോന്നുന്ന കുടുംബങ്ങളിൽ മാതാപിതാക്കളെയും കുട്ടികളെയും ഈ സെന്ററിലേയ്ക്ക് റഫർ ചെയ്യുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കാൻസർ ഒരു ജനിതക രോഗമായതിനാൽ ഏകദേശം അഞ്ച് മുതൽ

പത്ത് ശതമാനംവരെ പാരമ്പര്യ ജനിതക വ്യതിയാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിലും വിവിധ മെഡിക്കൽ കോളേജുകളിലുമായി ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടന്നുവരുന്നു. മലബാർ കാൻസർ സെന്റർ 2010 മുതൽ നടത്തി വരുന്ന ജനിതക ക്ലിനിക്കുകൾ വഴി ഇത്തരത്തിലുള്ള കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാരമ്പര്യ രോഗ നിർണ്ണയത്തിന്റെ ഭാഗമായി next generation sequencing തുടങ്ങിയ അത്യാധുനിക സംവിധാനം ഉപയോഗിച്ച് ജനിതക പരിശോധനകൾ നടത്തിവരുന്നു. ചികിത്സയുടെ ഭാഗമായി ഇത്തരം പരിശോധനകൾ നടത്തുന്നുണ്ട്. ജനിതകപരമായി വളരെയധികം ബന്ധപ്പെട്ട് കിടക്കുന്ന വിരളമായി കാണുന്ന കാൻസറുകളെക്കുറിച്ച് റീജിയണൽ കാൻസർ സെന്റർ പഠനവിഷയമായി മുന്നോട്ടു നീങ്ങുന്നു. അർബുദം, ഹൃദ്രോഗം, ഡയബറ്റിസ് തുടങ്ങിയ പകർച്ചേതരവ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയന്ത്രണ പരിപാടികളും സംസ്ഥാന തലത്തിലും ദേശീയ തലത്തിലും നിലവിലുണ്ട്.